നം.കെ.എസ്.എ-കെ.ടി.എം.പി9/1767/2019 തീയതി : 10.01.2020

# കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)***

കോട്ടയം ജില്ലയിലെ **ആർപ്പൂക്കര** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.2018 മുതൽ 31.10.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 19.11.2019 ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു സി.ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.11.2019 മുതൽ 19.11.2019 വരെ ഓഡിറ്റ് നടത്തിയതിന്റെ വിവരം | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഇന്ദുലേഖ എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി.നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുമേഷ് പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മോഹൻ സി. ചതുരച്ചിറ | 01.04.2018-31.03.2019 |
| ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | ശ്രീമതി എൽസമ്മ ജോസഫ് | 01.04.2018-31.03.2019 |
| വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ.ജസ്റ്റിൻ ജോസഫ് | 01.04.2018-31.03.2019 |
| ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | ശ്രീമതി റോസ്‌ലി ടോമിച്ചൻ | 01.04.2018-31.03.2019 |
| ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ.ജെയിംസ് തിട്ടാലയിൽ | 01.04.2018-31.03.2019 |
| സെക്രട്ടറി | ശ്രീ.മനോജ് ചന്ദ്രൻ | 01.04.2018-31.03.2019 |

## മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി പാർവ്വതി ആർ. | 1.04.2018-31.03.2019 |
| വെറ്ററിനറി സർജൻ | ശ്രീമതി സ്മിത കൈമൾ | 1.04.2018-11.02.2019 |
| | ശ്രീ.അഭിജിത്ത് തമ്പാൻ | 11.02.2019-31.03.2019 |
| വി.ഇ.ഒ | ശ്രീ.ജയകൃഷ്ണൻ | 1.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ശ്രീമതി റോസലിൻ ജോസഫ് | 1.04.18--31-03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി സവിത എ. | 1.04.2018-31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.അജയ് എസ്.ഹാർഡിൽ | 1.04.2018-17.06.18 |
| | ശ്രീമതി സൗമ്യ കെ. | 17.06.18-22.06.18 |
| | ശ്രീമതി സുജ എസ്. | 22.06.18-29.12.18 |
| | ശ്രീമതി രഞ്ജി ബാബു | 29.12.18-31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.എം.വി.കണ്ണൻ | 1.04.2018-31.03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി രാജശ്രീ ആർ. | 1.04.2018-31.03.2019 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ഇ.കെ.ഓമന | 1.04.2018-31.03.2019 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി പ്രീതി സി. | 1.04.2018-31.03.2019 |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ക്യാഷ് വെരിഫിക്കേഷൻ |
| 1-5 | ആഭ്യന്തരനിയന്ത്രണം |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക ധനകാര്യപത്രിക-ശരിയായ ധനകാര്യസ്ഥിതി പ്രതിഫലിപ്പിക്കുന്നില്ല |
| 1-8 | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അനുബന്ധകെട്ടിടങ്ങൾ-വസ്തുനികുതി ചമുത്തുന്നില്ല |
| 1-9 | മൊബൈൽ ടവറുകളുടെ വസ്തുനികുതി-കുടിശ്ശിക ഈടാക്കാൻ നടപടിയെടുത്തിട്ടില്ല |
| 1-10 | ലൈസൻസ് നൽകൽ-വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 1-11 | സംരംഭക ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു |
| 1-12 | 24.06 ലക്ഷം രൂപ വാടക കുടിശിക-വിശദവിവരം ലഭ്യമല്ല |
| 1-13 | പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ-ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിന് ബാധ്യത |
| 1-14 | കാലാവധി കഴിഞ്ഞ സെക്യൂരിറ്റി നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല |
| 1-15 | ഇ-ടെൻഡർ ഫീസ്-ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു |

| | |
|---|---|
| 1-16 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല-സ്യൂട്ട് രജിസ്റ്റർ കാലികമായും കൃത്യമായും എഴുതി സൂക്ഷിയ്ക്കുന്നില്ല |
| 1-17 | തനതുഫണ്ട് ചെലവുകൾ-അനുബന്ധ രേഖകളുടെ സൂക്ഷിപ്പിലും നടപടിക്രമങ്ങൾ പാലിക്കുന്നതിലും വീഴ്ച |
| 1-18 | പഞ്ചായത്ത് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം നാളിതുവരെ പഞ്ചായത്തിന്റെ ആസ്തിയാക്കിയിട്ടില്ല |
| 1-19 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല-വൈദ്യുതി ചാർജ്ജിനത്തിൽ അധിക ചെലവ് |
| 1-20 | പൊതുടാപ്പുകൾ-സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 1-21 | മഴക്കാലപൂർവ്വ ശുചീകരണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല |
| 1-22 | ഐ.എസ്.ഒ. അനുബന്ധ പ്രവർത്തനങ്ങൾ-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| 1-23 | സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ-ഗ്രാമപഞ്ചായത്ത് ഓഫീസ് കേന്ദ്രമായി ക്യാമറയുടെ നിരീക്ഷണം സാധിക്കുന്നില്ല |
| 1-24 | പഞ്ചായത്തിൽ ഒഴിവ് ഇല്ലാത്ത തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം-സർക്കാർ നിർദ്ദേശത്തിന് വിരുദ്ധം |
| 1-25 | സ്ട്രീറ്റ്ലൈറ്റ് വാങ്ങലും സ്ഥാപിക്കലും-നടപടിക്രമങ്ങൾ പാലിച്ചില്ല |
| 1-26 | പെറ്റി വർക്കുകൾ-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| 1-27 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട-നടപടിക്രമങ്ങൾ പാലിച്ചില്ല |
| 1-28 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച വിവിധ പ്രോജക്ടുകൾ-നിർവ്വഹണത്തിൽ അപാകതകൾ |
| 1-29 | ജൈവവള നിർമ്മാണയൂണിറ്റുകൾ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 1-30 | വയബിലിറ്റി ഗ്യാപ്പ് ഫണ്ടും വാഹന വാടകയും-യൂസർ ഫീ ഇനത്തിൽ വലിയ കുറവ് |
| 1-31 | ഉത്തരവാദിത്വ ടൂറിസം-പ്രോജക്ട് നിർവ്വഹണത്തിനായി പ്രാഥമിക നടപടികൾ പോലും സ്വീകരിച്ചിട്ടില്ല |
| 1-32 | കോട്ടയം മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം എന്ന നിലയിൽ പഞ്ചായത്തിന്റെ പ്രോജക്ട് നിർവ്വഹണം-വിലയിരുത്തൽ |
| 1-33 | പ്രളയദുരന്ത നിവാരണം-ചെലവുകളുടെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു |
| 1-34 | ജീവനക്കാരിൽ നിന്നും ഈടാക്കിയ ഉത്സവബത്ത CMDRF ലേയ്ക്ക് അടയ്ക്കേണ്ടതാണ് |
| 1-35 | വനിതാ തൊഴിൽ പരിശീലനകേന്ദ്രം ഫലപ്രാപ്തിയിലെത്തിയില്ല |
| 1-36 | പ്രോജക്ടുകൾ നടപ്പാക്കാത്തതിനാൽ സർക്കാർ ധനസഹായം നഷ്ടമായി |
| 1-37 | ഭവനപുനരുദ്ധാരണം-പൂർത്തിയാക്കാത്തവർ |
| 1-38 | മരുന്ന്-പൂർണ്ണമായി ലഭ്യമായില്ല |
| 1-39 | കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ |
| 1-40 | മൽസ്യത്തൊഴിലാളികുളുടെ മക്കൾക്ക് ഫർണ്ണീച്ചർ-നിർവ്വഹണത്തിലെ അപാകതകൾ |
| 1-41 | അങ്കണവാടികൾ വാടകക്കെട്ടിടത്തിൽ-കേന്ദ്ര വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 1-42 | വിവിധ ഡെപ്പോസിറ്റ് വർക്കുകൾ-വിനിയോഗ വിവരമില്ല |

| | |
|---|---|
| 1-43 | ലൈഫ് ഭവനപദ്ധതി-അവലോകനം |
| **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ-ഇല്ല |
| **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച വിവിധ പ്രോജക്ടുകൾ-നിർവ്വഹണത്തിൽ അപാകതകൾ |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ്-31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |


# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ പുതുക്കിയ ബജറ്റ് 07.12.2019 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 81,95,338.94 | 2,35,58,196.94 |
| വരവ് | 49,79,30,000 | 7,81,80,836 |
| **ആകെ** | **50,61,25,338.9** | **10,17,39,032.94** |
| ചെലവ് | 42,90,94,000 | 7,30,20,436 |
| നീക്കിയിരിപ്പ് | 7,70,31,338.9 | 2,87,18,596.94 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ളനോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു.

എന്നാൽ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദ്ദേശങ്ങളും നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ബജറ്റിൽ നിർദ്ദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദ്ദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല. സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം സാദ്ധ്യമാക്കി ബജറ്റ് തയ്യാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ശരിയായ രീതിയിലുള്ള ബജറ്ററി കൺട്രോൾ ഉറപ്പ് വരുത്താവുന്നതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത്/ നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,77,72,712 | 1,77,72,712 | 1,42,89,455 | 34,83,257 | 80.40 |
| വികസനഫണ്ട് എസ്.സി.പി. | 0 | 52,38,887 | 52,38,887 | 30,48,267 | 21,90,620 | 58 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,82,500 | 1,82,500 | 1,27,000 | 55,500 | 70 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 94,33,000 | 94,33,000 | 40,34,717 | 53,98,283 | 43 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 45,75,357 | 45,75,357 | 18,54,791 | 27,20,566 | 41 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 85,30,920 | 85,30,920 | 50,68,697 | 34,62,223 | 59 |
| പെർഫോമൻസ് ഗ്രാന്റ്(സംസ്ഥാനം) | 0 | 7,16,657 | 7,16,657 | 3,18,395 | 3,98,262 | 44.42 |
| പെർഫോമൻസ് ഗ്രാന്റ്(കേന്ദ്രം) | 0 | 5,90,820 | 5,90,820 | 5,90,820 | 0 | 100 |
| ട്രഷറി ഓൺ ഫണ്ട് vpfa 1, 2 | 0 | 2,86,79,716 | 2,86,79,716 | 25,84,981 | - | - |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 12,98,212 | 81,57,979 | 94,56,191 | 10,59,905 | 83,96,286 | - |
| (*)എസ്.ബി.ടി, (ഐ.സി.ഡി.എസ്) | 0 | - | - | - | - | - |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 4,86,165 | 16,73,006 | 21,59,171 | 11,10,092 | 10,50,079 | ---- |
| ബി ഫണ്ട് | 0 | 4,12,14,580 | 4,12,14,580 | 4,12,14,580 | - | - |

(*) ഐ.സി.ഡി.എസ്. വരവുചെലവ് കണക്കുകൾ ബി-4 പട്ടികയുമായും രജിസ്റ്ററുമായും പൊരുത്തപ്പെടുന്നില്ല.

**തൊഴിലുറപ്പുപദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 1,668 | 1,43,62,778 | 1,43,64,446 | 1,43,58,565 | 5,881 |
| ഭരണച്ചെലവുകൾ | - | 3,24,837 | 3,24,837 | 3,24,837 | - |
| **ആകെ** | **1,668** | **1,46,87,615** | **1,46,89,283** | **1,46,83,402** | **5,881** |

**ക്ഷേമപദ്ധതികൾ**

| ക്ഷേമപദ്ധതിയുടെ പേര് | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,15,080 | 122 |
| കർഷകതൊഴിലാളി പെൻഷൻ | 1,32,18,500 | 1042 |
| വിധവാപെൻഷൻ | 71,06,300 | 588 |
| വാർദ്ധക്യകാലപെൻഷൻ | 1,73,64,100 | 1478 |
| വികലാംഗപെൻഷൻ | 30,07,900 | 248 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 3,42,700 | 25 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60,000 | 2 |

## 1-3 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയിലെ രണ്ടാം വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29.01.2018ലെ സർക്കാർ ഉത്തരവ് (കൈ) 11/2018 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു. ടി ഉത്തരവിലെ നിർദ്ദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ 07.02.18ന് ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട്) പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ 09.02.18-മുതൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 17.03.18- ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു.

| | |
|---|---|
| ഊരുകൂട്ടം | 09.02.18 |
| വികലാംഗ ഗ്രാമസഭ | 19.02.18 |
| വയോജന ഗ്രാമസഭ | 19.02.18 |
| മൽസ്യഗ്രാമസഭ | 20.02.18 |

പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29.3.17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവ്വഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ് ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16.2.19ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2018-19 വാർഷിക പദ്ധതിക്ക് അംഗീകാരം നല്കി.

വാർഷിക പദ്ധതിയ്ക്ക് 15.2.19ലെ 490/18-/DPC/DPO/KTM നമ്പർ നടപടിക്രമം പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാരം ലഭിച്ച 306 പ്രോജക്ടുകളിൽ ആകെ 156 പ്രോജക്ടുകൾ നടപ്പിലാക്കി. 35 ശതമാനമായിരുന്നു ചെലവ് (ആറ് പ്രോജക്ടുകൾ റിവിഷൻ സമയത്ത് ഒഴിവാക്കിയിട്ടുണ്ട്, 32 പ്രോജക്ടുകൾ ക്യൂ-ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

**നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും**

അംഗീകാരം ലഭിച്ച 156 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 11 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

## നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്കുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 4 | 53,13,250 | 25,53,693 | 48 |
| 2 | വെറ്ററിനറി സർജൻ | 8 | 8 | 26,04,000 | 10,41,000 | 40 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 1 | 1 | 6,00,000 | 5,95,648 | 99 |
| 4 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 4,04,000 | 4,01,257 | 99 |
| 5 | വി.ഇ.ഒ. | 23 | 23 | 4,34,27,050 | 1,61,81,256 | 37 |
| 6 | ഐ.സി.ഡി.എസ്. | 13 | 10 | 57,87,785 | 40,07,976 | 69 |
| 7 | സെക്രട്ടറി | 57 | 23 | 2,78,23,914 | 1,06,91,870 | 38 |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | 14 | 13 | 42,48,260 | 24,33,329 | 57 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 187 | 68 | 5,08,85,081 | 1,11,42,704 | 22 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 13,00,000 | 8,74,372 | 67 |
| 11 | ഹെഡ്മാസ്റ്റർ | 1 | 1 | 50,000 | 35,904 | 72 |
| | **ആകെ** | **306** | **156** | **14,24,43,340** | **4,99,59,009** | **35** |

ജി.ഒ.(കൈ) 11/2018/ തസ്വഭവ തീയതി 29.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം കാർഷിക മേഖലയിലെ പദ്ധതികൾ ഹരിതകേരള മിഷൻ, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി യോജിച്ചുള്ളവയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം പദ്ധതി നിർദ്ദേശ ങ്ങളൊന്നും സ്റ്റാന്റിംഗ് കമ്മറ്റിയോ വർക്കിംഗ് ഗ്രൂപ്പോ മുന്നോട്ടു വച്ചിട്ടുമില്ല. എന്നാൽ 2018-19 ലെ ജനകീയാസൂത്രണ പദ്ധതിയിൽ കൃഷിഭവൻ മുഖാന്തിരം ഗ്രാമപഞ്ചായത്തിലെ എല്ലാ കുടുബങ്ങൾക്കും ഭക്ഷ്യസുരക്ഷ, സുരക്ഷിത പച്ചക്കറികൃഷിഎന്നിവ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആട്, കോഴി, പശു എന്നിവയെ വളർത്തുന്നതിനുള്ള പദ്ധതികൾ പഞ്ചായത്തു മുഖേനെയും കുടുംബശ്രീ മുഖേനെയും നടപ്പിലാക്കി വരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പോഷകാഹാര വിതരണം, അങ്കണവാടികൾക്ക് അനുബന്ധസൗകര്യം എന്നിവ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ മരുന്നു വാങ്ങൽ, പാലിയേറ്റീവ് പരിചരണ പദ്ധതി, രോഗപ്രതിരോധപ്രവർത്തനങ്ങൾ എന്നീ പ്രോജക്കുകൾ ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പിലാക്കി. ആരോഗ്യ പരിപാലന രംഗത്തും ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്ക് ശക്തിപ്പെടുത്തുകയെന്നത് ആർദ്രം പദ്ധതിയുടെ ലക്ഷ്യമാണ്. എന്നാൽ ആർദ്രം പദ്ധതിയുടെ സമീപനവുമായി യോജിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ പ്രസ്തുത സഥാപനങ്ങളിൽ പഞ്ചായത്ത് ആരംഭിച്ചിട്ടില്ല. ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ യോഗത്തിലെ നിർദ്ദേശങ്ങൾ പ്രോജക്കുകളായി മാറിയെങ്കിലും അവയൊന്നും നടപ്പാക്കിയില്ല. അപാകത തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ തൊണ്ണംകുഴിയിലുള്ള വനിതാ വ്യവസായ യൂണിറ്റ് കേന്ദ്രീകരിച്ച് ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

പഞ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് ഊന്നൽ നൽകേണ്ടതുണ്ട്. തയ്യാറാക്കിയ 68 മരാമത്ത് പ്രവൃത്തികളിൽ 90% പ്രവൃത്തികളും റോഡ് വികസനത്തിനായുള്ളതാണ്. പദ്ധതി വിഹിതം വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുകയാണുണ്ടായത്. ഇത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശത്തിലുണ്ടായിരുന്ന ഒരു നിർമ്മാണ പ്രോജക്ട് പോലും ഓഡിറ്റുവർഷം നടപ്പാക്കിയില്ല. പശ്ചാത്തല മേഖലയിൽ എസ്.സി.പി., റ്റി.എസ്.പി ഫണ്ട് വിനിയോഗിച്ച് ഒരു പ്രോജക്ട് പോലും നടപ്പിലാക്കിയില്ല. .

പ്രോജക്ടുകളുടെ ആസൂത്രണത്തിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പിന്റെ (കർമ്മസേന) നേതൃത്വത്തിൽ ഏറ്റവും പുതിയ സ്ഥിതിവിവരകണക്കുകൾ ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കേണ്ടതും ആയതിനനുസരിച്ച് പ്രോജക്ടുകൾ ആസൂത്രണം ചെയ്യേണ്ടതും ഇപ്രകാരം നടപ്പാക്കുന്ന പ്രോജക്ടുകൾ പദ്ധതി നടത്തിപ്പു വേളയിലും അന്തിമഘട്ടത്തിലും വിശദമായി വിലയിരുത്തേണ്ടതുമാണ്. പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 1-4 ക്യാഷ് വെരിഫിക്കേഷൻ

**ആർപ്പൂക്കര** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.11.2019 തീയതിയിൽ 3.30 പി.എം.ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ **36,027** രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-5 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പൂർണ്ണത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാനഘടകം ആണ്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം താരതമ്യേന മെച്ചപ്പെട്ടതാണ്. സദ്ഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ(ISO certification) 95%വും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്.

ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെയാണ് ഓഫീസ് പ്രവർത്തനം നിയന്ത്രിക്കുന്നത്. ഓഫീസ് ഉത്തരവ് പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിക്കുന്നതിന് സെക്ഷൻ ക്ലാർക്കിനേയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**<u>ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു</u>**

1) സ്ഥാപനത്തിന്റെ വരുമാനവും നിയന്ത്രണ സംവിധാനവും വിലയിരുത്തേണ്ട ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മാസാന്ത്യ വരവുചെലവ് കണക്ക് പരിശോധിച്ച് അംഗീകരിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയൊഴികെയുള്ള വരവിനങ്ങളുടെ കാര്യത്തിൽ ഇടപെടലോ വിലയിരുത്തലോ നടത്തുന്നില്ല. വരവിനങ്ങൾ പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോയെന്നും എല്ലാ വരവ് സ്രോതസ്സുകളും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ടോയെന്നും പരിശോധിക്കപ്പെടുന്നില്ല.

2) പദ്ധതിനിർവ്വഹണം മോണിട്ടർ ചെയ്യുന്നതിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും വീഴ്ച വരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് കാര്യക്ഷമമായി നടപ്പിലാക്കാതിരുന്നതിനാൽ മിക്ക പ്രോജക്ടുകളും തൻവർഷം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

3) ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. പുതിയതായി നിർമ്മിച്ച കെട്ടിടങ്ങൾ, റോഡുകൾ എന്നിവ ചേർത്ത് ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾ നിശ്ചിത ഇടവേളകളിൽ ഭൗതിക പരിശോധന നടത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

4) ബജറ്റ് തയ്യാറാക്കുന്നതിൽ നിയമാനുസൃത സമയക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്തരാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ ജനുവരി 15 നു മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ്

തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുമ്പാകെ അംഗീകാരത്തിനായി വെയ്ക്കേണ്ടതുമാണ്. മേൽ സൂചിത നിബന്ധനകൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിരിയ്ക്കുന്നത്.
5) 24.9.10 ലെ സർക്കുലർ നമ്പർ 86/2010/ഫിൻ പ്രകാരം കമ്പ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിലുള്ള എല്ലാ ഉപകരണങ്ങളുടെയും വിശദാംശം ഉൾപ്പെടുത്തി പൂർണ്ണമാക്കിയിട്ടില്ല. സോഫ്റ്റ്‌വെയർ/ഹാർഡ്‌വെയർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അനുബന്ധ ഉപകരണങ്ങളുടെയും, സോഫ്റ്റ്‌വെയറുകളുടെയും വിവരങ്ങൾ സർക്കുലർ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കൂടാതെ എല്ലാ ഉപകരണങ്ങൾക്കും പ്രത്യേകം സ്റ്റോക്ക് നമ്പർ നൽകേണ്ടതുമാണ്. തെരുവ് വിളക്കുകളുടെ എണ്ണം, കൺസ്യൂമർ നമ്പർ, താരീഫ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നവ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുകയും പരിശോധനക്ക് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.
6) സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യുർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രോജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് കാണുന്നു.
മേൽപറഞ്ഞ പോരായ്മകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

**ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് കമ്മറ്റി വിലയിരുത്തലും തീരുമാനവും**

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. മേൽ സൂചിത ചട്ടങ്ങൾ ഗ്രാമപഞ്ചായത്തിൽ പാലിയ്ക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.05.19 | 3/19.4.19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.05.2014 | 2009-10 മുതൽ 2013-14 വരെ | LBA(HQ)II/I/8A-2168/169 dtd.24.07.2014 |

## 1-7 വാർഷികധനകാര്യ പത്രിക-ശരിയായ ധനകാര്യസ്ഥിതി പ്രതിഫലിപ്പിക്കുന്നില്ല

**2018-19** സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ " എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം./ തീയതി | അക്കൗണ്ടിന്റെ പേര് | തുക |
|---|---|---|
| 53805/13.12.18 | ആർപ്പൂക്കര സർവീസ് സഹകരണ ബാങ്ക്, വില്ലൂന്നി(തനത് ഫണ്ട്) | 616 |
| 53244/4.09.18 | ആർപ്പൂക്കര സർവീസ് സഹകരണ ബാങ്ക്, വില്ലൂന്നി(തനത് ഫണ്ട്) | 4,600 |
| 4512173/23.02.17 | ട്രഷറി റ്റി.എസ്.ബി അക്കൗണ്ട് | 10,00,000 |

2) ആർപ്പൂക്കര സർവ്വീസ് സഹകരണ ബാങ്ക് മെഡിക്കൽ കോളേജ് ശാഖയിലെ ഹോസ്പിറ്റൽ കിയോസ്ക് അക്കൗണ്ടിൽ 2,023 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ നിലവിൽ കിയോസ്ക് വരവ് തനത് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. പ്രസ്തുത അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

3) ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആകയാൽ B-18 ഷെഡ്യൂളിന്റെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ മുന്നിരിപ്പ്, തൻവർഷ വിവരങ്ങൾ, നീക്കിയിരിപ്പ് എന്നിവ ഉൾപ്പെടുത്തി പൂർത്തീകരിക്കേണ്ടതാണ്.

4) ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ നിക്ഷേപപ്രവൃത്തികളുടെ മുന്നിരിപ്പ്, തൻവർഷ വിവരങ്ങൾ, നീക്കിയിരിപ്പ് ഉൾപ്പെട്ട വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. ആകയാൽ B-7, RP-34 ഷെഡ്യൂളുകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല .

5) ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം അക്കൗണ്ടിലെ നീക്കിയിരിപ്പ് 18,62,262 രൂപയാണ്. എന്നാൽ B4 ഷെഡ്യൂളിൽ പ്രസ്തുത അക്കൗണ്ട് നീക്കിയിരിപ്പ് (320100121) 19,69,205 രൂപയാണ്. വ്യത്യാസം വന്നിട്ടുള്ള 1,06,943 രൂപ റ്റി.എസ്.ബി. ജോയിന്റ് വെൻചർ അക്കൗണ്ടിലേതാണ്. (കേന്ദ്ര വിഹിതം ജോയിന്റ് വെൻചർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് മൂലം സംഭവിച്ചത്).

6) ഷെഡ്യൂൾ B9 ൽ 350110101 ഹെഡിൽ (gross salary payable) നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന 55,216 രൂപ യഥാർത്ഥത്തിൽ അവശേഷിക്കുന്നില്ല.

7) ഷെഡ്യൂൾ B9 ൽ 350800101 liability in respect of stale cheques ഹെഡിലെ 9075 രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

8) ഡി& ഓ ലൈസൻസ് ഫീസ് രജിസ്റ്റർ പ്രകാരം 1,30,400 രൂപയാണ് തൻവർഷ ഡിമാൻഡ്. എന്നാൽ I-4 (b) ഷെഡ്യൂൾ പ്രകാരം 2,60,800 രൂപയാണ് ലൈസൻസ് ഫീസ് ഡിമാൻഡ് ആയി രേഖപ്പെടുത്തിയിരിക്കുന്നത് .

9) വാടക (കുടിശ്ശിക)ഡിമാൻഡ് രജിസ്റ്റർ പ്രകാരം 24,44,303 രൂപയാണ് തൻവർഷം നീക്കിയിരിപ്പായി അവശേഷിക്കുന്നത്. എന്നാൽ വാർഷികകണക്കുകൾ B-15 ഷെഡ്യൂളിൽ 28,06,224 രൂപയാണ് വാടകയിനത്തിൽ കുടിശ്ശികയായി അവശേഷിക്കുന്നത്.

10) എം.ജി.എൻ.ആർ.ഇ.ജി.എസ്. അക്കൗണ്ടിലേയ്ക്ക് തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും അഡ്വാൻസ് ആയി നൽകിയ 3,24,837 രൂപ തിരികെ തനത് ഫണ്ടിലേയ്ക്ക് നിക്ഷേപിച്ചപ്പോൾ അക്കൗണ്ടിംഗിൽ സംഭവിച്ച പിഴവ് മൂലം I-14(a) ഷെഡ്യൂളിലെ ചെലവ് (1,49,39,239 രൂപ), ക്യാഷ് ബുക്ക് പ്രകാരമുള്ള യഥാർത്ഥചെലവുമായി (1,46,83,402 രൂപ) വ്യത്യാസപ്പെട്ടിരിക്കുന്നു. .

11) വികസനഫണ്ട് (പൊതുവിഭാഗം)ചെലവ് RP7 ഷെഡ്യൂൾ പ്രകാരം 1,42,89,455 രൂപയാണ്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 1,42,95,455 രൂപയാണ് ആകെ ചെലവ്.

12) അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം പ്രകാരം 19,87,383 രൂപയാണ് പാർട്ട് ബില്ലായി നൽകിയിട്ടുള്ളത്. എന്നാൽ ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ 1,46,95,657 രൂപയാണ് ചേർത്തിട്ടുള്ളത്.

13) വസ്തു നികുതി (തൻവർഷം) കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

14) കിട്ടാനുള്ള തുകയായി B-15 ഷെഡ്യൂളിൽ അവശേഷിക്കുന്ന ബസ് സ്റ്റാന്റ് ഫീ (431400108) 63,650 രൂപയുടെ വിശദാംശങ്ങൾ ലഭ്യമായില്ല.

15) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം കൃത്യമായി കണക്കാക്കി ആയതിന്റെ മൂല്യം ഷെഡ്യൂൾ B-11 ൽ അക്കൗണ്ട് ചെയ്തിട്ടില്ല.

16) ആർപ്പൂക്കര സർവീസ് സഹകരണ ബാങ്ക്, വില്ലൂന്നി (തനത് ഫണ്ട്) ശാഖയിൽ നിക്ഷേപിക്കപ്പെട്ട ചുവടെ ചേർക്കുന്ന ചെക്കുകൾ നാളിതുവരെ പണമാക്കിയിട്ടില്ല. ചെക്ക് റീവാലിഡേറ്റ് ചെയ്ത് തുക തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

| ചെക്ക് നം./തീയതി | തുക |
|---|---|
| 951229/23.08.18 | 4,400 |
| 658491/05.02.19 | 3,750 |

## 1-8 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അനുബന്ധകെട്ടിടങ്ങൾ- വസ്തുനികുതി ചുമത്തുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഒൻപതാം വാർഡിൽ സ്ഥിതി ചെയ്യുന്നതും 2016 വരെ എം.ജി. സർവ്വകലാശാലയുടെ അഫിലിയേഷനിൽ ആയിരുന്നതും നിലവിൽ കേരള സർക്കാറിന്റെ സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിയ്ക്കുന്നതുമായ സ്ക്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ(1993ൽ സ്ഥാപിച്ചത്), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലൈബ്രറി ആന്റ് ഇൻഫോർമേഷൻ സയൻസ് (1995ൽ സ്ഥാപിച്ചത്) എന്നീ

സ്ഥാപനങ്ങളുടെയും അനുബന്ധകെട്ടിടങ്ങളുടെയും വസ്തുനികുതി അസ്സസ് ചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് ആക്ട് 2013ലെ വസ്തുനികുതി ഭേദഗതി നിയമം വകുപ്പ് 207(ബി) പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കണ്ടറിതലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിയ്ക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിയ്ക്കുന്ന ഹോസ്റ്റലുകളും വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മേൽ വിവരിച്ച കെട്ടിടങ്ങൾ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുന്നില്ല. ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിയ്ക്കുന്നതും മേൽ വിഭാഗത്തിൽ ഉൾപ്പെടാത്തതുമായ കെട്ടിടങ്ങളുടെ നികുതി (1993-94, 1995-96 മുതൽ) നാളിതുവരെ ഈടാക്കിയിട്ടില്ല. നിലവിലെ നിയമവ്യവസ്ഥകൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങളുടെ പരിഷ്കരിച്ച വസ്തുനികുതിഉൾപ്പെടെ അസ്സസ് ചെയ്ത് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-9 മൊബൈൽ ടവറുകളുടെ വസ്തുനികുതി -കുടിശ്ശിക ഈടാക്കാൻ നടപടിയെടുത്തിട്ടില്ല

പഞ്ചായത്ത് പരിധിയിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള താഴെപറയുന്ന മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് കെട്ടിട നം. | ടവർ സ്ഥാപിച്ച കമ്പനിയുടെ പേര് | കുടിശ്ശിക | കുടിശ്ശിക തുക (ഗ്രന്ഥശാല വരി ഉൾപ്പെടെ) |
|---|---|---|---|---|
| 1 | 9/413/A | ബി.എസ്.എൻ.എൽ., കോട്ടയം | 2013-14 മുതൽ 2019-20 ആദ്യ പകുതി വരെ | 1,83,422 |
| 3 | 13/240/A | ബി.എസ്.എൻ.എൽ., കോട്ടയം | 2013-14 മുതൽ 2019-20 ആദ്യ പകുതി വരെ | 57,707 |
| 5 | 16/114 | ബി.എസ്.എൻ.എൽ., കോട്ടയം | 2013-14 മുതൽ 2019-20 ആദ്യ പകുതി വരെ | 78,871 |

കൃത്യമായി നികുതി ഒടുക്കാത്ത ടവറുകൾ സ്ഥാപിച്ചിട്ടുള്ള കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും വസ്തുനികുതി കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കാനുമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10 ലൈസൻസ് നൽകൽ- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

1) 2018-19 സാമ്പത്തിക വർഷം 305 സ്ഥാപനങ്ങളാണ് ലൈസൻസിനായി അപേക്ഷ സമർപ്പിച്ചത്. സഞ്ചയ സോഫ്ട്‌വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം വാണിജ്യ കെട്ടിടങ്ങൾ എന്ന നിലയിൽ 961 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഇതിൽ നിന്നും ലൈസൻസ് നേടാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാകുന്നു. അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണ്.

2) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ യാതൊരാളും പന്നികളെയും നായ്ക്കളെയും വളർത്താൻ പാടില്ല. 2018-19 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 812 വളർത്തുനായ്ക്കൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എത്ര നായ്ക്കൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന വിശദാംശങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 7/12.11.19ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വളർത്ത് നായ്ക്കൾക്കും പന്നി വളർത്തലിനും ലൈസൻസ് അനുവദിക്കുന്നതിനായി പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-11 സംരംഭക ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന ട്രെയ്ഡേഴ്സിന്റെ കൃത്യമായ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 2018-19 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 305 ട്രെയ്ഡേഴ്സിനാണ് ലൈസൻസ് നൽകിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർക്കുന്ന 2 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ 2018-19 വർഷം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചത്.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | വില്ലൂന്നി ക്ഷീരോൽപാദക സഹകരണ സംഘം |
| 2. | പനയമ്പത്ത് ക്ഷീരോൽപാദക സഹകരണ സംഘം |

പഞ്ചായത്ത് നടപ്പാക്കിയ പ്രോജക്ടിന്റെ ഭാഗമായ സംരംഭങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിച്ചതുമൂലം മേൽ ചട്ടങ്ങളുടെ ലംഘനം ഉണ്ടാവുകയും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടമാകുകയും ചെയ്തു. ടി സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയിനത്തിലും പഞ്ചായത്ത് ഫണ്ടിന് വരുമാന നഷ്ടമുണ്ടായി. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.14.11.19) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ മേൽവിഷയത്തിൽ തുടർനടപടി സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. ലൈസൻസ് നൽകുന്നതിലുള്ള അപാകത പരിഹരിക്കേണ്ടതാണ്. മേൽപറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും 2018-19 വർഷത്തെ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കിയശേഷം തുടർമറുപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 24.06 ലക്ഷം രൂപ വാടക കുടിശിക-വിശദവിവരം ലഭ്യമല്ല

31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം വാടക ഇനത്തിലെ കുടിശിക 28,06,224 രൂപയാണ്(ഷെഡ്യൂൾ ബി-15 കണക്ക് ശീർഷകം 431400102). കൃത്യമായി കരാർ ചമയ്ക്കാതെയും വാടക സെക്യൂരിറ്റി നിക്ഷേപം ഈടാക്കാതെയും മുറികളുടെ കുത്തകാവകാശം നൽകിയതിനാലാണ് കുടിശികയാക്കിയവരുടെ വാടക ഈടാക്കാൻ പഞ്ചായത്തിന് കഴിയാതെ വന്നത്. 31.03.2019-ൽ പഞ്ചായത്ത് ഫണ്ടിലുള്ള വാടക നിക്ഷേപമായ 5,79,310/- രൂപ ഏതെല്ലാം കുത്തകക്കാരുടെ പേരിലുള്ളതാണെന്ന് വ്യക്തമല്ല. നിലവിലുള്ള കുത്തകക്കാരുടെ പക്കൽ നിന്നും വാടക മൂല്യത്തിന് ആനുപാതികമായി സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയിട്ടുണ്ടോയെന്നും വ്യക്തമല്ല.

കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയതും ഇത്രയേറെ തുക വാടക കുടിശ്ശികയായി അവശേഷിക്കുന്നതും ഉചിതമല്ല. ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-13 പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിന് ബാധ്യത

31.03.2019-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യക ആവശ്യത്തിനായി ലഭിച്ച ഗ്രാന്റുകൾ പഞ്ചായത്ത് ഫണ്ടിൽ 3 മുതൽ 5 വരെ വർഷങ്ങളിലധികമായി ബാധ്യതയായി അവശേഷിക്കുന്നു. പ്രസ്തുത ഗ്രാന്റുകൾ ലഭ്യമായതിന്റെ ഉദ്ദേശ്യം സംബന്ധിച്ച വിശദാംശം പഞ്ചായത്തിലെ രജിസ്റ്ററിലോ രേഖകളിലോ ലഭ്യമല്ല. ലഡ്ജറിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | തുക |
|---|---|---|
| 1. | അങ്കണവാടി പോഷകാഹാരം | 19,69,205 |
| 2 | ശുചിത്വമിഷൻ ഫണ്ട് | 12,47,248 |
| 3 | പ്രത്യേകാവശ്യ ഗ്രാന്റ് | 14,96,473 |
| 4 | സംയുക്ത പ്രോജക്ട് (ബ്ലോക്ക്, പഞ്ചായത്ത് വിഹിതം) | 10,50,079 |
| | **ആകെ** | **57,63,005** |

മേൽ വിവരിച്ച ഗ്രാന്റുകളുടെ ആകെത്തുക 57,63,005 ലക്ഷം രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് അവശേഷിക്കുന്നത്. പഞ്ചായത്ത് ഫണ്ടിൽ ദീർഘകാലമായി നിലനിൽക്കുന്ന 57,63,005 ലക്ഷം രൂപ നിർദ്ദേശിക്കപ്പെട്ട ആവശ്യത്തിന് ചെലവഴിച്ചോ അല്ലാത്തപക്ഷം കേന്ദ്രവിഹിതം ലഭിച്ചത് ഒഴികെയുള്ളവ തിരികെ അടവാക്കിയോ പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

പഞ്ചായത്തിന് ലഭ്യമാകുന്ന ഗ്രാന്റ് തുകകളുടെ എല്ലാ വിശദാംശങ്ങളും രജിസ്റ്ററിൽ ചേർത്ത് ഫണ്ട് വിനിയോഗം നിരീക്ഷിക്കേണ്ടതാണ്.

## 1-14 കാലവധി കഴിഞ്ഞ സെക്യൂരിറ്റി നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

07.11.2019ൽ നടത്തിയ ക്യാഷ് ബാലൻസ് പരിശോധനയിൽ പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ കാഷ് ചെസ്റ്റ് തുറന്ന് പരിശോധിച്ചു. പരിശോധനയിൽ സെക്രട്ടറിയുടെ പേരിൽ പ്ലഡ്ജ് ചെയ്ത സ്ഥിരനിക്ഷേപ (FD) രസീതുകൾ കണ്ടെത്തി. പഞ്ചായത്ത് കണക്കുകളിലോ രജിസ്റ്ററുകളിലോ വിശദാംശങ്ങളില്ലാത്ത 10 സ്ഥിര നിക്ഷേപങ്ങളുടെ മൂല്യമായ 1,98,495/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നു. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും നാളിതുവരെ ഈ നിക്ഷേപങ്ങൾ മുതൽകൂട്ടുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.30) മറുപടി ലഭിച്ചില്ല. മേൽപറഞ്ഞ സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഒടുക്കിയ ആളുടെ പേര് | സ്ഥിരനിക്ഷേപ നം./തീയതി | ബാങ്ക് | തുക |
|---|---|---|---|---|
| 1. | തോമസ് കെ.ജെ., കോലേട്ട്, നീറിക്കാട് | 291376/27.12.2004 | ധനലക്ഷ്മി ബാങ്ക് | 1,250/- |
| 2. | ഷാജി ജോസഫ്, ഇലവത്തിൽ, മുട്ടുചിറ | K428/04-05/25.11.2004 | കോട്ടയം ജില്ല സഹകരണ ബാങ്ക് | 13,000/- |
| 3. | പി.ബി.രാജീവ്, കാവുകണ്ടത്തിൽ | 1448/24.01.2017 | പരിയാരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 5,250/- |
| 4. | ജോയ് പി.സി., പഴയചിറയിൽ, മാഞ്ഞൂർ | CFD012263/24.11.2006 | കാത്തലിക് സിറിയൻ ബാങ്ക്, കുറുപ്പന്തറ | 700/- |
| 5. | | 12262/24.11.2006 | | 1,500/- |
| 6. | | 12399/22.01.2007 | | 1,000/- |
| 7. | കേരള കോ-ഓപ്പറേറ്റീവ് ഇൻഡസ്ട്രി, പത്തനംതിട്ട | 1461/06.03.2007 | പരിയാരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 3,115/- |
| 8 | ജെയിംസ് സി.റ്റി., കരിക്കാട്ട്, പൊൻകുന്നം | 18.04.2009 | എസ്.ബി.ടി.പൊൻകുന്നം | 1,10,144/- |
| 9 | | 18.04.2009 | | 27,536/- |
| 10 | ഡോ.ബാബു തോമസ്, പുത്തൻ പറമ്പിൽ, കാഞ്ഞിരപ്പള്ളി | 30.08.2010/306114 | സൗത്ത്ഇൻഡ്യൻ ബാങ്ക്, കാഞ്ഞിരപ്പള്ളി | 35,000/- |
| **ആകെ തുക** | | | | **1,98,495/-** |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1 അനുച്ഛേദം-282 പ്രകാരം തിരികെ അവകാശപ്പെടാത്ത 3 സാമ്പത്തിക വർഷം കഴിഞ്ഞ റവന്യൂ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. അതിനാൽ സെക്യൂരിറ്റി നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 ഇ-ടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു

2018-19 വർഷം ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ഈ തുകകൾ തനത് ഫണ്ടിലേക്കുള്ള വരുമാനമാണ്. 2018-19 വർഷം ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ

ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിരുന്നില്ല. ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം.& പ്രോജക്ടിന്റെ പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് 12% ജി.എസ്.ടി. ഉൾപ്പെടെ | ആകെ ടെൻഡർ ഫീസ് |
|---|---|---|---|---|
| 1 | 170/19 പനമ്പാലം ഗവ. എൽ.പി. സ്കൂൾ മെയിന്റനൻസ് | 4 | 1,103 | 4,412 |
| 2 | 94/19 ചമ്പൂഴി പുന്നക്കാട് റോഡ് ടാറിങ്ങ് | 2 | 1,112 | 2,224 |
| 3 | 271/19 അങ്ങാടിപ്പള്ളി ആറാട്ടുകടവ് ഓടനിർമ്മാണം | 3 | 1,120 | 3,360 |
| 4 | 319/19 മാലിന്യസംഭരണകെട്ടിടം | 3 | 1,994 | 5,982 |
| 5 | 219/19 14-ാം നമ്പർ അങ്കണവാടി നിർമ്മാണം | 2 | 1,904 | 3,808 |
| 6 | 95/19 ഉണ്ണീശോ ചാപ്പൽ വാര്യമുട്ടം റോഡ് | 3 | 1,232 | 3,696 |
| 7 | 267/19 തൊണ്ണംകുഴി കോനാരി റോഡ് ഓടനിർമ്മാണം | 1 | 1,568 | 11,568 |
| | **ആകെ** | | | **25,050** |

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും ടി അക്കൗണ്ടിലേക്ക് ടെൻഡർഫീയിനത്തിലുള്ള തുകകൾ ലഭ്യമായിട്ടില്ല. പ്രസ്തുത അക്കൗണ്ടിലേക്ക് ടെൻഡർ ഫീ തുകകൾ(മുൻവർഷത്തെ ഉൾപ്പെടെ) ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല. സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിയ്ക്കുന്നില്ല

സ്യൂട്ട് രജിസ്റ്റർ പ്രകാരം അൻപതോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, എന്നിവയിൽ ഫയൽ ചെയ്തവ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നില്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന കാര്യം വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെ(1,05,000 രൂപയാണ് ഓഡിറ്റുവർഷം ചെലവഴിച്ചത്) കൃത്യതയും ഉറപ്പാക്കാനാവുന്നില്ല.

## 1-17 തനത് ഫണ്ട് ചെലവുകൾ-അനുബന്ധരേഖകളുടെ സൂക്ഷിപ്പിലും നടപടിക്രമങ്ങൾ പാലിക്കുന്നതിലും വീഴ്ച

ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റിന്റെ ചുമതലകൾ ജി.ഒ.(എം.എസ്.)150/2009/01.08/2019 നമ്പർ സർക്കാർ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ വൗച്ചറുകൾ തയ്യാറാക്കേണ്ടതും അപ്രകാരം തയ്യാറാക്കിയ വൗച്ചറുകൾ ഇടപാടുകളെ അധികൃതമാക്കുന്ന അനുബന്ധ രേഖകളുടെ ആമുഖ പത്രം ആകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ

വൗച്ചറുകൾ ക്രമമായി സൂക്ഷിച്ചിട്ടില്ല. റദ്ദാക്കുന്ന വൗച്ചറുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തൻവർഷം തനത്ഫണ്ടിൽ നിന്നും നടത്തിയ പല ചെലവുകൾക്കും സാംഖ്യ വൗച്ചർ സൂക്ഷിച്ചിട്ടില്ലാത്തതും ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തൽ പൂർണ്ണമാക്കിയിട്ടില്ലാത്തതുമാണ്(3/19). 9/18 ലെ വൗച്ചറുകൾ പൂർണ്ണമല്ലാത്തതും ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടില്ലാത്തതുമാണ്. ജീവനക്കാരുടെ ശമ്പളം ,മെമ്പർമാരുടെ ഓണറേറിയം, കോപ്പറേറ്റീവ് റിക്കവറികൾ എന്നിവയുടെ കൈപ്പറ്റ് വിവരങ്ങൾ ലഭ്യമായില്ല

ചുവടെ ചേത്തിരിക്കുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവുകൾ അവയ്ക്കു നേരെ പരാമർശിച്ചിട്ടുള്ള അപാകതകളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | വൗച്ചർ നം./ തീയതി | ഇന വിവരം | തുക | ചെലവു ചെയ്തതിലെ അപാകത | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 21800212/ 11.06.18 | മെഡിക്കൽ കോളേജ് ബസ് സ്റ്റാന്റിലെ വേസ്റ്റ് മാറ്റുന്നതിന് ശ്രീ. മാത്യു ജെ. തുരുത്തുമാലിക്ക് നൽകിയ തുക | 27,500 | 1.നീക്കം ചെയ്യേണ്ട വേസ്റ്റിന്റെ അളവ് നിർണ്ണയിച്ച് കട്ടേഷൻ ക്ഷണിച്ചിട്ടില്ല<br>2. മസ്റ്റർ റോൾ ഇല്ല | മാലിന്യം സംസ്ക്കരിക്കുന്നതിന് സംവിധാനം ഇല്ലാത്തിനാലും വർക്ക് ഏറ്റെടുക്കുന്നതിന് ആരും തയ്യാറാവാത്തതി നാലാണെന്ന മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല |
| 2. | 21800466/ 30.08.18 | " | 45,200 | " | " |
| 3 | 21800929/ 22.12.19 | " | 32,000 | " | " |
| 4 | 21801153/ 20.02.19 | വില്ലൂന്നി ജംഗ്ഷനിൽ അപകടകരമായ നിലയിൽ സ്ഥിതി ചെയ്തിരുന്ന മരം മുറിച്ച് മാറ്റിയതിന് മാത്യു ജെ. തുരുത്തുമാലിക്ക് നൽകിയ തുക | 11,500 | കട്ടേഷൻ ഇല്ല, മരത്തിന്റെ മൂല്യം നിർണ്ണയിച്ച് ലേലനടപടി സ്വീകരിച്ചിട്ടില്ല. | പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല |
| 5 | 21801097/ 5.02.19 | പഞ്ചായത്ത് കാബിൻ പൊളിച്ചു മാറ്റിയതിന് നൽകിയ തുക | 16,500 | മരാമത്ത് സ്വഭാവമുള്ള പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കില്ല, കട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാല്യവേഷൻ ഇല്ല | നടപടിക്രമങ്ങൾ പാലിക്കാത്ത ചെലവ് |
| 6 | 21801144/ 20.02.19 | ജനറേറ്റർ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് | 8,000 | കട്ടേഷൻ ക്ഷണിച്ചിട്ടില്ല.<br>മസ്റ്റർ റോൾ ഇല്ല | -- |
| 7 | 21800639/ 22.10.18 | സ്ട്രീറ്റ്ലൈറ്റ് ഉപകരണങ്ങൾ വാങ്ങിയതിന് മരിയ ഇലക്ട്രിക്കൽസിന് നൽകിയ തുക | 47,730 | വിതരണവിവരം ഇല്ല | വിതരണവിവരം ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| 8 | 21800654/ 22.10.18 | മാലിന്യം നിക്ഷേപിയ്ക്കുന്നത് ശിക്ഷാർഹം എന്ന ബോർഡ് സ്ഥാപിക്കുന്നതിനുള്ള തുക | 42,900 | ഏതൊക്കെ സ്ഥലങ്ങളിലാണ് ബോർഡ് സ്ഥാപിച്ചത് എന്ന വ്യക്തമല്ല | സാധൂകരിക്കുന്ന രേഖകൾ ലഭ്യമായില്ല |
| 9 | 21800930/ 24.12.18 | ജനറേറ്ററിന് പുതിയപ്ലാറ്റ് ഫോം സ്ഥാപിക്കുന്നതിനുള്ള തുക | 16,910 | മരാമത്ത് സ്വഭാവമുള്ള പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കില്ല, ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാല്യവേഷൻ ഇല്ല | നടപടിക്രമങ്ങൾ പാലിക്കാത്ത ചെലവ് |
| 10 | 21801595/ 16.01.19 | പഞ്ചായത്ത് മുകൾ നിലയിൽ ഇലക്ട്രിഫിക്കേഷൻ നടത്തിയതിന് നൽകിയ തുക | 25,090 | മരാമത്ത് സ്വഭാവമുള്ള പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കില്ല, ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാല്യുവേഷൻ ഇല്ല | നടപടിക്രമങ്ങൾ പാലിക്കാത്ത ചെലവ് |
| 11 | 21801110/ 08.02.19 | പഞ്ചായത്ത് മുകൾ നിലയിൽ നെറ്റ് വർക്കിങ്ങ് നടത്തിയതിന് നൽകിയ തുക | 11,410 | " | നടപടിക്രമങ്ങൾ പാലിക്കാത്ത ചെലവ് |
| 12 | 2180051/ 31.01.19 | ഫ്രണ്ട് ഓഫീസ് പൊളിച്ച് മണ്ണ് മാറ്റിയതിന്റേയും ജനറേറ്റർ മാറ്റിയതിന്റെയും ചെലവ് | 25,200 | കൊട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാല്യവേഷൻ ഇല്ല | നടപടിക്രമങ്ങൾ പാലിക്കാത്ത ചെലവ് |
| 13 | 21800976/ 1.11.19 | റെക്കോർഡ് റൂം അലുമിനിയം ഫാബ്രിക്കേഷന് നൽകിയ തുക | 29,970 | മരാമത്ത് സ്വഭാവമുള്ള പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കില്ല, ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാല്യവേഷൻ ഇല്ല | നടപടിക്രമങ്ങൾ പാലിക്കാത്ത ചെലവ് |
| 14 | 21800939/ 24.12.18 | സ്റ്റിക്കേഴ്സും നെയിം ബോർഡും സ്ഥാപിക്കുന്നതിന് ചെലവഴിച്ച തുക | 33,288 | കട്ടേഷൻ ക്ഷണിച്ചിട്ടില്ല. എവിടെയൊക്കെ സ്ഥാപിച്ചു എന്ന് വ്യക്തമല്ല. | |
| **ആകെ** | | | **3,73,198** | | |

അപാകതകൾ പരിഹരിച്ചും ആവശ്യമായ രേഖകൾ ഹാജരാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 പഞ്ചായത്ത് കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം നാളിതുവരെ പഞ്ചായത്തിന്റെ ആസ്തിയാക്കിയിട്ടില്ല

ആർപ്പൂക്കര വില്ലേജിലെ സർവ്വേ നമ്പർ 182 ൽ പെട്ട 23.4 സെൻറ് വിസ്തീർണ്ണമുള്ള സ്ഥലത്താണ് ഗ്രാമപഞ്ചായത്ത് കെട്ടിടം സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ടി സ്ഥലം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റവന്യൂ രേഖകളിൽ ഇത് മാത്യു ജയിംസ് ചെൻകൊണ്ടായിൽ എന്ന വ്യക്തിയുടെ പേരിലാണ്. നാളിതു വരെ പ്രസ്തു സ്ഥലം പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് ചെയ്തിട്ടില്ല. പഞ്ചായത്ത് കെട്ടിടത്തിന്റെ വൈദ്യുതി ബില്ലിലും ടിയാളുടെ ഉടമസ്ഥതയിലാണ് കെട്ടിടം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (കൺസ്യൂമർ നമ്പർ 0093). ടി ബിൽ ഗ്രാമപഞ്ചായത്ത് എല്ലാ മാസവും അടയ്ക്കുന്നുണ്ടെങ്കിലും ഉടമസ്ഥാവകാശം മാറ്റാൻ നടപടി സ്വീകരിച്ചിട്ടില്ല. ഭരണസമിതി ആവശ്യമായ നടപടികൾ സ്വീകരിച്ച് ഭൂമിയുടെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിന്റേതാക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല-വൈദ്യുതി ചാർജ്ജിനത്തിൽ അധിക ചെലവ്

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2018-19 സാമ്പത്തിക വർഷം 8,28,406 രൂപ കെ.എസ്.ഇ.ബി.യിൽ അടവാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് ഒടുക്കിയിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുകയോ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ളതും പ്രവർത്തനക്ഷമമായതുമായ ലൈറ്റുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. മീറ്ററേതര ചാർജിനത്തിൽപ്പെടുന്ന എൽ.റ്റി 8 (എ) എന്ന താരിഫിലാണ് വൈദ്യൂതി ചാർജ് കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള എൽ.റ്റി 8 (ബി) എന്ന താരിഫിലാണ് വൈദ്യൂതി ചാർജ് കണക്കാക്കുന്നതെങ്കിൽ ഉപയോഗത്തിനനുസരിച്ച് മാത്രം തുക നല്കിയാൽ മതിയാകും.

എൽ.റ്റി 8(എ), എൽ.റ്റി 8 (ബി) പ്രകാരം തുക ഇ ൗടാക്കുമ്പോൾ ചുവടെ പറയുന്ന വ്യത്യാസമുണ്ടാകുന്നു.

| എൽ.റ്റി 8 (എ) | എൽ.റ്റി 8 (ബി) |
|---|---|
| 12 മണിക്കൂർ ഉപയോഗിച്ചില്ലെങ്കിലും തുക ഒടുക്കേണ്ടി വരുന്നു | ഉപയോഗത്തിനനുസരിച്ച് മാത്രമേ ചാർജ്ജ് ഈടാക്കൂ. |
| ഉപകരണങ്ങൾ പ്രവർത്തന രഹിതമായാലും തുക ഒടുക്കേണ്ടി വരുന്നു | പ്രവർത്തിക്കുന്നവയ്ക്കു മാത്രമേ ചാർജ്ജ് ഈടാക്കൂ |
| അറ്റകുറ്റപ്പണിയോ മറ്റേതെങ്കിലും കാരണത്താലോ വൈദ്യുതി ബന്ധം തകരാറിലായാലോ പോലും ചാർജ്ജ് ഒടുക്കേണ്ടിവരുന്നു | ഉപയോഗത്തിൽ കുറവ് വരുന്നതിനാൽ ചാർജ്ജ് ഇടാക്കുന്നില്ല. |

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ നിലവിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയോ ആയതിനു വേണ്ടി തുക ഡെപ്പോസിററ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തി യഥാർത്ഥ വൈദ്യുത ഉപഭോഗത്തിനനുസൃതമായി മാത്രമാണ് തുക ഒടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതും സ്വീകരിച്ച പരിഹാരനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-20 പൊതുടാപ്പുകൾ-സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 178 പൊതുടാപ്പുകളുടെ വെള്ളക്കരം പ്രതിമാസം 77,875 രൂപ വീതം 9,34,500 രൂപ 2018-19 വർഷം വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. സംയുക്തപരിശോധന നടത്താത്തതിനാൽ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തിൽ വ്യക്തതയില്ല. വാട്ടർ അതോറിറ്റി എല്ലാ മാസവും 77,875 രൂപ ഡിമാന്റ് നോട്ടീസ് നൽകുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം അടവാക്കുന്നുണ്ട്. ടി വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ

അന്വേഷണക്കുറിപ്പിന്(18/14.11.2019) ലഭ്യമാക്കിയ മറുപടിയിൽ സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്ക് മാത്രമാണ് തുക ഈടാക്കുന്നതെന്ന് ഉറപ്പ് വരുത്തി ടിയിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുമുണ്ടാകുന്ന ആവർത്തന പാഴ്ചെലവ് ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധമായി സ്വീകരിച്ച പരിഹാര നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-21 മഴക്കാലപൂർവ്വശുചീകരണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

മഴക്കാല പൂർവ്വശുചീകരണത്തിന്റെ ഭാഗമായി തൻവർഷം ആകെ 2,40,000 രൂപ വിവിധ വാർഡുകളിലെ പ്രവർത്തനത്തിനായി വാർഡ് മെമ്പർ ചെയർമാനും ജെ.പി.എച്ച്.എൻ. കൺവീനറുമായ അക്കൗണ്ടുകളിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. (ഓരോ വാർഡിനും ശുചിത്വമിഷൻവിഹിതം 10,000/-, തനതുഫണ്ട് 5,000/- രൂപ വീതം) ഭൂരിഭാഗം വാർഡുകളിലും ടി തുക ഉപയോഗിച്ച് വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ മടമക്ക്, മണ്ണ് തുടങ്ങിയവ ഇട്ട് ഉയർത്തുക എന്ന പ്രവൃത്തിയാണ് നിർവ്വഹിച്ചിട്ടുള്ളത് എന്ന് സമിതികൾ ഹാജരാക്കിയ ചെലവ് രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു.

പകർച്ചവ്യാധി പ്രതിരോധയജ്ഞത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട പ്രവർത്തനങ്ങൾ 22.01.2018 ലെ 17/DC1/2018 തസ്വഭവ, 28.04.2018 ലെ 233/DC1/2018 എന്നീ സർക്കുലറുകളിലൂടെ വ്യക്തമാക്കിയിട്ടുള്ളതാണ്.

ഈ ഉത്തരവുകൾ പ്രകാരം ഓരോ വാർഡിലും ഇതിന്റ ഭാഗമായി വാർഡുതല ശുചിത്വകമ്മറ്റി രൂപീകരിച്ച് യോഗം ചേരേണ്ടതും ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് മാപ്പിംഗും വാർഡുതല കർമ്മപരിപാടികളും ആസൂത്രണം ചെയ്യേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും വാർഡുതല ആരോഗ്യ ശുചിത്വകമ്മറ്റി രൂപീകരിച്ചതൊഴികെ പ്രവർത്തനരേഖ തയ്യാറാക്കി അംഗീകാരം വാങ്ങുകയോ ആയതിന്റെ അടിസ്ഥാനത്തിൽ ശുചിത്വ സ്ക്കാഡുകൾ പ്രവർത്തനം നടത്തുകയോ ചെയ്തിട്ടില്ല. കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം വാർഡുതലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും വാർഡുതല ശുചിത്വകമ്മറ്റി അവലോകനം ചെയ്ത് പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെയും രണ്ടാഴ്ചയിലൊരിക്കൽ പഞ്ചായത്തുതലത്തിൽ അവലോകനസമിതിയുടെ യോഗം ചേർന്നതിന്റെയും വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമായില്ല. മേൽ അപാകങ്ങൾ നിലനിൽക്കുന്നതിനാൽ കേവലം തുക ചെലവഴിക്കൽ എന്നതിൽ കവിഞ്ഞു മഴക്കാലപൂർവ്വശുചീകരണം ഫലപ്രദമായിരുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തനം നടത്താൻ തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഐ.എസ്.ഒ. അനുബന്ധപ്രവർത്തനങ്ങൾ-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസ് നവീകരണത്തിനായി 39,19,974 രൂപ ചെലവഴിച്ചിട്ടുണ്ട് (298/19). ഇതു കൂടാതെ വിവിധ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന്റെ, തനത് ഫണ്ടിൽ നിന്നും 2,81,266 രൂപയും ചെലവഴിച്ചിട്ടുണ്ട്. സമഗ്രമായ പ്രോജക്റ്റായി ഏറ്റെടുക്കേണ്ടതിനു പകരം കണ്ടിജന്റ് ചെലവ് എന്ന രീതിയിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുകയാണ് ചെയ്തത് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ എന്ന പേരിൽ തനത്ഫണ്ട് വകയിരുത്തിയിരുന്ന 66/19 നമ്പർ പ്രോജക്റ്റിന് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും പ്രോജക്റ്റ് പ്രകാരം തുക ചെലവഴിച്ചില്ല. മരാമത്ത് സ്വഭാവമുള്ള ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിംഗ് നെയിം ബോർഡ് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്ക് ആവശ്യം വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ക്വട്ടേഷൻ ക്ഷണിയ്ക്കുകയോ മരാമത്ത് നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ല. വിവിധ പർച്ചേസുകൾ, ഫർണിഷിങ്ങ് തുടങ്ങിയവയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാങ്ങലുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. കൂടാതെ ഐ.എസ്.ഒ. അനുബന്ധസൗകര്യങ്ങൾ ഒരുക്കുന്നതിനായി പഞ്ചായത്തിന്റെ മുകൾനിലയിലേക്ക് പഞ്ചായത്തിന്റെ പ്രവർത്തനം താത്കാലികമായി മാറ്റുന്നതിനായി മുകൾ നില ഇലക്ട്രിഫിക്കേഷനും നെറ്റ് വർക്കിംഗും നടത്തിയിട്ടുണ്ട് ഓഫീസ് പ്രവർത്തനം താഴത്തെ നിലയിലേക്ക് മാറ്റിയതിനാൽ നിലവിൽ ഈ ഭാഗം ഉപയോഗിക്കുന്നില്ല. നിലവിൽ കേബിളുകൾ പൊളിച്ചുമാറ്റിയ അവസ്ഥയിലാണ്. കേബിളുകൾ ലേലം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ മുകൾനിലയിലെ ഫ്ലോർ ടൈലുകൾ പൊട്ടിപൊളിഞ്ഞ് നാശോന്മുഖമായ സ്ഥിതിയിൽ കാണപ്പെട്ടു. ഇതിൽ നിന്ന് പൊതുപണം കൈകാര്യം ചെയ്യുന്നതിൽ സാമ്പത്തികമിതത്വം പാലിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു.



**കേബിളുകൾ പൊളിച്ചുമാറ്റിയ അവസ്ഥയിൽ**



**ഫ്ലോർ ടൈലുകൾ പൊട്ടിപ്പൊളിഞ്ഞ നിലയിൽ**

കൃത്യമായ ആസൂത്രണത്തോടെയും മുന്നൊരുക്കങ്ങളുടെയും അടിസ്ഥാനത്തിൽ തുക ചെലവഴിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്.

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയ ഒരു പഞ്ചായത്ത് എന്ന നിലയിൽ അടിസ്ഥാന സൗകര്യങ്ങളിലെയും സേവനങ്ങൾ പ്രദാനം ചെയ്യുന്നതിലെയും മികവ് ഉറപ്പ് വരുത്തി അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-23 സി.സി. ടി.വി. ക്യാമറ സ്ഥാപിക്കൽ-ഗ്രാമപഞ്ചായത്ത് ഓഫീസ് കേന്ദ്രമായി ക്യാമറയുടെ നിരീക്ഷണം സാധിക്കുന്നില്ല

എ) മാലിന്യ നിക്ഷേപം തടയുന്നതിന് മെഡിക്കൽ കോളേജ് ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് പരിസരത്ത് സി.സി. ടി.വി. ക്യാമറ സ്ഥാപിക്കുന്നതിന് പി.ഡബ്ലിയു.ഡി. ഇലക്ട്രോണിക്സ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 3,15,450 രൂപ മുൻവർഷം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. (പ്രോജക്ട് 308/18) പ്രോജക്ട് പൂർത്തീകരിച്ച് 10 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ക്യാമറകളുടെ കൺട്രോൾ യൂണിറ്റും മോണിട്ടറും അഞ്ച് കിലോമീറ്ററിലധികം ദൂരത്ത് സ്ഥിതി ചെയ്യുന്ന മെഡിക്കൽ കോളേജ്

ബസ്സ് സ്റ്റാൻഡിനു സമീപത്തുള്ള പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലാണ് സജ്ജീകരിച്ചിട്ടുള്ളത്. ആയതിനാൽ പഞ്ചായത്തിൽ ഓഫീസിൽ നിന്നും തൽസമയ നിരീക്ഷണം നിലവിൽ സാധിക്കുന്നില്ല. ക്യാമറയുടെ റെക്കോർഡിംഗ് സംവിധാനം പ്രവർത്തിക്കുന്ന തരത്തിൽ ക്യാമറകൾ സജ്ജമാക്കിയിട്ടില്ല എന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമായി. ക്യാമറയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് നിലവിൽ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ആയതിനാൽ മാലിന്യം ഇടുന്നത് നിരീക്ഷിക്കുക എന്ന പ്രോജക്ട് ലക്ഷ്യം കൈവരിക്കാനായിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് ഇവ നിഷ്ക്രിയമാകാനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്.

ബി) സി.സി. ടി.വി. ക്യാമറ ഇൻസ്റ്റലേഷനായി മെഡിക്കൽ കോളേജ് പരിസരത്ത് ഇലക്ട്രിഫിക്കേഷന് മെറ്റീരിയൽസും ലേബർചാർജുമായി ശ്രീ.എം.യു.തോമസിന് 25,332 രൂപ നൽകിയിട്ടുണ്ട്(വൗച്ചർ നം.21800542/24.09.18). പ്രസ്തുത ചെലവിനെ സാധൂകരിക്കുന്ന ഉപവൗച്ചറുകളും രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ചെലവിന്റെ ആധികാരികത വ്യക്തമായിട്ടില്ല. ആയതിനാൽ മേൽ വൗച്ചർ പ്രകാരം ചെലവഴിച്ച 25,332 രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 പഞ്ചായത്തിൽ ഒഴിവ് ഇല്ലാത്ത തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം-സർക്കാർ നിർദ്ദേശത്തിന് വിരുദ്ധം

ഗ്രാമപഞ്ചായത്തിന്റെ ഹാജർ പുസ്തകം പരിശോധിച്ചതിൽ അഞ്ച് ക്ലർക്ക്, അഞ്ച് സീനിയർ ക്ലർക്ക് എന്നിങ്ങനെ പത്ത് ക്ലർക്കുമാരുടെ സ്ഥിരം തസ്തികയാണ് ഉള്ളത് (അനുവദനീയമായ തസ്തികകൾ സംബന്ധിച്ച വിവരം ലഭ്യമായില്ല). എന്നാൽ ശ്രീമതി ജറീന ജോസ് എന്ന വ്യക്തിയെ ക്ലാർക്ക് തസ്തികയിൽ ദിവസവേതന വ്യവസ്ഥയിൽ നിയമിച്ചു തനത് ഫണ്ടിൽ നിന്ന് വേതനം നൽകിയിട്ടുണ്ട്. 2018-19 വർഷം നൽകിയ വേതനത്തിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ | തുക |
|---|---|
| 21800017/3.4.18 | 16,200 |
| 21800077/2.5.18 | 14,850 |
| 21800168/2.6.18 | 15,525 |
| 21800272/2.7.18 | 13,500 |
| 21800362/1.8.18 | 18,125 |
| 21800432/21.8.18 | 14,500 |
| 21800579/3.10.18 | 15,950 |
| 21800679/1.11.18 | 17,400 |
| 21800783/1.12.18 | 16,675 |
| 21800962/1.1.19 | 18,125 |
| 21801084/4.2.19 | 15,950 |
| 21801189/1.3/19 | 18,500 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷക്കുറിപ്പിന് (നം.31 തീയതി 18.11.19) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനം സമയബന്ധിതമായി നടത്തുന്നതിനും പ്രോജക്ടുകൾ യഥാസമയം ഡേറ്റാ എൻട്രി നടത്തുന്നതിനും പ്രസിഡന്റ് ദിനംപ്രതി ലഭിക്കുന്ന കത്തുകൾക്ക് മറുപടി ലഭ്യമാക്കുന്നതിനും പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് ടിയാളെ നിയമിച്ചതെന്നും പഞ്ചായത്തിന്റെ അനിവാര്യചുമതലകളിൽ വിഭവസമാഹരണത്തിന് ആവശ്യമായ മനുഷ്യശേഷി ഉപയോഗിക്കുന്നതിന് പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ദിവസ വേതന വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ നിയമനം 179 ദിവസത്തിൽ കൂടുതലുണ്ടെങ്കിൽ സർക്കാരിൽ നിന്നും സ്പഷ്ടമായ അനുമതി വേണമെന്ന് ജി.ഒ.(പി)നം.28/16/ധന/26.02.16 അനുശാസിക്കുന്നുണ്ട്. സർക്കാർ അനുമതി ഇല്ലാതെ നടത്തിയ നിയമനങ്ങൾക്ക് വേതനമിനത്തിൽ ചെലവഴിക്കുന്ന തുക അതാതു കാലയളവുകളിലെ സെക്രട്ടറിമാരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-25 സ്ട്രീറ്റ്ലൈറ്റ് വാങ്ങലും സ്ഥാപിക്കലും - നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രോജക്ട് നമ്പർ-179/19

ചെലവ്- 4,92,000(തനത് ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

2017-18 വർഷത്തിൽ ആവിഷ്കരിച്ച് തൻവർഷം നിർവ്വഹിച്ച പ്രോജക്ടാണ് സ്ട്രീറ്റ്ലൈറ്റ് വാങ്ങലും സ്ഥാപിക്കലും. 31.10.2017 ൽ ടി പ്രോജക്ടിനായി ടെണ്ടർ ക്ഷണിക്കുകയും ചുവടെ ചേർക്കും പ്രകാരം ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു.

| സ്ഥാപനം | 24 W ന്റെ ടെണ്ടർ നിരക്ക് | വാറന്റി കാലയളവ് |
|---|---|---|
| അമ്മിണി ഇലക്ട്രിക്കൽസ് | 1,985 | 1 വർഷം |
| ഒമിലിക്സ് ഇലക്ട്രിക്കൽസ് | 2,048 | 2 വർഷം |
| എഡിസൺ ഇലക്ട്രിക്കൽസ്, തിരുവാങ്കുളം | 2,400 | 2 വർഷം |
| തമ്പുരാൻ കാലായിൽ, കോഴഞ്ചേരി | 2,220 | 1.5 വർഷം |

മേൽ ടെണ്ടറുകൾ സമർപ്പിച്ച സാമ്പിളുകൾ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഏലൂർ എന്ന സ്ഥാപനം പരിശോധിക്കുകയും എല്ലാ സാമ്പിളുകളും തെരുവുവിളക്കായി ഉപയോഗിക്കാൻ അനുയോജ്യമാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തു. 30.1.18 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 2(6) നമ്പർ തീരുമാന പ്രകാരം എഡിസൺ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് 24 W ന്റെ എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങാൻ തീരുമാനിച്ചു. 205 എൽ.ഇ.ഡി ലൈറ്റുകളുടെ തുകയായി 4,92,000 രൂപ (ഇൻവോയ്സ് നമ്പർ ബി2 സി -93/22.3.18)സ്ഥാപനത്തിന് നൽകുകയും ചെയ്തു. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് നൽകിയത് ക്രമപ്രകാരമല്ല.

2) കുറഞ്ഞ ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളുടെ സമീപ പഞ്ചായത്തുകളിലെ സേവനം മോശമായിരുന്നെന്നും ലൈറ്റുകൾ ഗുണനിലവാരം കുറഞ്ഞതാണെന്നും 30.1.18 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മറ്റി ഈ വിഷയത്തിൽ ചർച്ച നടത്തി അഭിപ്രായം അറിയിച്ചിട്ടില്ല. 2017-18 ൽ പ്രൊക്യൂർമെന്റ് കമ്മറ്റി മിനിറ്റ്സ് എഴുതിയിട്ടില്ല. ഗുണനിലവാരം സാക്ഷ്യപ്പെടുത്തേണ്ടത് ക്ഷമതയുള്ള സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരാണ്. ഇപ്രകാരമുള്ള സാക്ഷ്യപത്രമില്ലാതെ ഗുണനിലവാരം വിലയിരുത്തിയ സാഹചര്യം വ്യക്തമല്ല.

3) കൂടിയ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിക്കുക വഴി മൽസരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാഴ്വേലയായും പാഴ് ചിലവായും മാറി.

4) അമ്മിണി ഇലക്ട്രിക്കൽസ് ഒരു വർഷത്തെ വാറന്റി മാത്രം ഓഫർ ചെയ്തതിനാലാണ് ടി സ്ഥാപനത്തെ ഒഴിവാക്കിയത്. എന്നാൽ 2 വർഷ വാറന്റി ഓഫർ ചെയ്ത ഒമിലിക്സ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിരുന്നെങ്കിൽ 4,19,840 രൂപയെ ചെലവ് വരുമായിരുന്നുള്ളൂ(2048x205). അതായത് 72,160 രൂപ അധികമായി ചെലവഴിച്ചു (492000- 419840).

മേൽ സൂചിത അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 4) മറുപടി ലഭ്യമായില്ല. അതിനാൽ 4,92,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ വിശദീകരണം രേഖാമൂലം ലഭ്യമാക്കാത്തപക്ഷം അധികമായി നൽകിയ തുക വ്യക്തമായ അധികചെലവായി കണക്കാക്കി നിരാകരിക്കുന്നതാണ്.

## 1-26 പെറ്റി വർക്കുകൾ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ അടിയന്തിര ഘട്ടങ്ങളിൽ 10,000 രൂപ വരെയുള്ള റിപ്പയർ വർക്കുകൾ തനത് ഫണ്ട് ഉപയോഗിച്ച് ഡിപിസിയുടെ മുൻകൂർ അനുമതിയില്ലാതെ അസിസ്റ്റന്റ് എൻജിനിയറുടെ സാങ്കേതിക അനുമതിയോടു കൂടി ചെയ്യാവുന്നതാണെന്നും പിന്നീട് ഡിപിസിയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും 39957/ഡി ബി/2009 തസ്വഭവ തീയതി 08.08.2009 നമ്പർ കത്തിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ റോഡ് ഫില്ലിംങ്ങ്, ഓടവൃത്തിയാക്കൽ തുടങ്ങി നിരവധി പെറ്റിവർക്കുകൾക്കായി തനത് ഫണ്ടിൽ നിന്നും തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. പെറ്റിവർക്കുകൾ ഏറ്റെടുത്തുനടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ

പാലിച്ചില്ല. പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിലോ അടിയന്തിരസാഹചര്യത്തിലോ ആണ് പെറ്റി വർക്കുകൾ നടത്തുന്നത്. അടിയന്തിര സാഹചര്യത്തിൽ നിശ്ചിത സാമ്പത്തികപരിധിയ്ക്ക് വിധേയമായി വേലകൾ നടത്താമെങ്കിലും തൊട്ടടുത്ത് ചേരുന്ന ഭരണസമിതിയോഗത്തിൽ ടി ചെലവ് അംഗീകരിക്കേണ്ടതാണ്. നടപ്പാക്കേണ്ട പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അളവുകൾ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്താതെ എൽ.എസ്.ജി.ഡി. വിഭാഗം ഓവർസിയർ ചെയ്ത പ്രവർത്തിയുടെ പൊതുവായ മൂല്യം കണക്കാക്കിയതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. നിർവ്വഹിച്ച പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല. ആവശ്യമായ ഫോട്ടോഗ്രാഫും സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഭരണസമിതി തീരുമാനമോ അംഗീകാരമോ സാങ്കേതിത വിഭാഗത്തിന്റെ എസ്റ്റിമേറ്റോ നടപടിക്രമങ്ങളോ പാലിക്കാതെയാണ് ഈ വർക്കുകൾ നടത്തിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തൻവർഷം നടപ്പാക്കിയ പെറ്റിവർക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | തുക |
|---|---|---|
| അങ്ങാടി കടവ് ഓട വൃത്തിയാക്കൽ | 21800480/4.09.18 | 4,600 |
| വില്ലൂന്നി തൊമ്മൻ കവല പിണച്ചിറക്കുഴി റോഡ് | ചെക്ക് നം.53815/29.12.18 | 9,700 |
| വാര്യമുട്ട് കോടേപ്പറമ്പ് റോഡ്, നേരക്കടവ് റോഡ് അറ്റകുറ്റപണി | 21801041/30.1.19 | 9,750 |
| മണിയാപറമ്പ് എസ്.എൻ.ഡി.പി. പാലത്തിന്റെ അറ്റകുറ്റപണി | 21801047/31.1.19 | 4,900 |
| നാലുകണ്ടം റോഡ് മക്ക് ഫില്ലിങ്ങ് | 21801091/5.2.19 | 4,900 |
| പുത്തൻപറമ്പ് തോട് ക്ലീനിംഗ് | 21801278/19.3.19 | 4,800 |
| മുക്കേൽ പുത്തൻപറമ്പ് തോട് വൃത്തിയാക്കൽ | 21801279/19.3.19 | 4,900 |
| അങ്കണവാടി പായിപുറത്ത് റോഡ് | 21801283/22.3.19 | 4,600 |
| അങ്ങാടി അടയഹരൺ റോഡ് | 21801284/22.3.19 | 4,800 |
| അങ്ങാടിപടി മാർക്കറ്റ് റോഡ് | 21801285/22.3.19 | 4,500 |
| അമ്പലക്കവല ആറാട്ടുകടവ് റോഡ് | 21801286/22.3.19 | 4,900 |
| കസ്തൂർബ അങ്ങാടി റോഡ് | 21801287/22.03.19 | 4,900 |
| **ആകെ** | | **67,250** |

മരാമത്ത് നടപടിക്രമങ്ങൾ പാലിക്കാതെയും ആവശ്യമായ അനുബന്ധരേഖകൾ സൂക്ഷിക്കാതെയും മേൽ വൗച്ചറുകൾ പ്രകാരം ചെലവഴിച്ച തുകയായ 67,250 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട- നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 134/19 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട |
| അടങ്കൽ | 2,40,000(വികസനഫണ്ട്) |
| ചെലവ് | 1,19,996(വികസനഫണ്ട്) |
| ബിൽ നമ്പർ/തീയതി | 16/18-19/28.3.19 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

അപ്പച്ചൻ, കുമ്പിളിൻചുവട്, എം.എം.വർക്കി മുറിക്കൽ, സന്തോഷ് കെ.പി. കുന്നുംപുറം കോളനി, എബിൻ രാജു ആഞ്ഞിലിത്തറ എന്നീ ഗുണഭോക്താക്കൾക്ക് 29,999 രൂപ നിരക്കിൽ ആർട്ട്കോ, കോട്ടയം എന്ന സ്ഥാപനം പെട്ടിക്കട നിർമ്മിച്ച് നൽകിയിട്ടുണ്ട്. ജി.ഒ.(ആർ.റ്റി) നമ്പർ 4/18/എസ്.പി.ഡി തീയതി 2.2.18 പ്രകാരം സ്റ്റീൽ, മരം ഫർണ്ണീച്ചറുകൾ, ഹോസ്പിറ്റൽ ഉപകരണങ്ങൾ എന്നിവ ടെണ്ടർ കൂടാതെ ആർട്ട്കോയിൽ നിന്ന് വാങ്ങാമെന്ന് പരാമർശിച്ചിട്ടുണ്ട്. സ.ഉ(സാധാ) നമ്പർ 2092/18/ത.സ്വ.ഭ.വ തീയതി 1.8.18 പ്രകാരം ആർട്ട്കോയെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫർണ്ണിഷിംഗ് പ്രവർത്തനങ്ങൾക്ക്

നോഡൽ ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പെട്ടിക്കട (Steel bunk with cycle wheel)നിർമ്മിക്കാൻ ടെണ്ടറില്ലാതെ ആർട്ട്കോയെ ചുമതലപ്പെടുത്തിയതിന് കാരണം വ്യക്തമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.18 ലെ ജി.ഒ(എം.എസ്) 22/18 ഖണ്ഡിക 6.4(13) പ്രകാരം പെട്ടിക്കടയുടെ വാല്യുവേഷൻ എൽ.എസ്.ജി.ഡി ഓവർസിയർ/എഞ്ചിനീയർ നൽകണമെന്ന് പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ചില്ല. പെട്ടിക്കടകൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിലില്ല.

ആർട്ട്കോയിൽ നിന്ന് ടെണ്ടർ കൂടാതെ പർച്ചേസ് നടത്താമെന്നുള്ള തെറ്റായ ധാരണമൂലമാണ് ടി അപാകതയുണ്ടായതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24) നൽകിയ മറുപടി. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ ലഭ്യമാക്കി മറുപടി രേഖാമൂലം ഓഡിറ്റിൽ അറിയിക്കാമെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വാല്യുവേഷൻ ഇല്ലാതെ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. അപാകതകൾ പരിഹരിക്കുന്നതിലേക്കായി 1,19,996 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച വിവിധ പ്രോജക്ടുകൾ-നിർവ്വഹണത്തിൽ അപാകതകൾ

2018-19 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച വിവിധ പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1) <u>അഗതിരഹിത പദ്ധതി കേരളം-പ്രോജക്ട് നിർവ്വഹണത്തിൽ കാലതാമസം</u>

| പ്രോജക്ട് നമ്പർ/പേര് | 12/19, അഗതിരഹിത പദ്ധതി |
|---|---|
| അടങ്കൽ | 2,13,784(വികസനഫണ്ട്)<br>2,86,219(തനത് ഫണ്ട്) |
| ചെലവ് | 2,13,784(വികസനഫണ്ട്)<br>ബിൽ നമ്പർ 28/18-19,15.1.19<br>2,86,216(തനത് ഫണ്ട്)<br>ചെക്ക് നമ്പർ 2729110/16.2.19 |

വികസനഫണ്ട് വിഹിതമായ 2,13,784 രൂപ 16.1.19 ലും തനത് ഫണ്ട് വിഹിതമായ 2,86,219 രൂപ 25.2.19 ലും അഗതിരഹിത പദ്ധതിയുടെ പുതിയ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട് (അക്കൗണ്ട് നമ്പർ 38167299043, എസ്.ബി.ഐ കരിപ്പൂത്തട്ട്). മുൻവർഷങ്ങളിലെ ചലഞ്ച് ഫണ്ട് വിഹിതത്തിലെ ബാക്കി തുക 2,89,640 രൂപയും പലിശയിനത്തിലെ 2,36,097 രൂപയും ടി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മുൻ അക്കൗണ്ടിൽ നിലവിൽ 71,196 രൂപ ബാലൻസുള്ളത് കുടുംബശ്രീ പരിശീലനപരിപാടികൾക്കായി മുൻകാലങ്ങളിൽ ലഭിച്ച ഫണ്ടായിരുന്നെന്നും ആയത് കുടംബശ്രീ ജില്ലാമിഷന്റെ നിർദ്ദേശാനുസരണം തിരികെ അടക്കുമെന്നുമാണ് അക്കൗണ്ടന്റ് മറുപടി നൽകിയത്. 11.11.19 ൽ പുതിയ അക്കൗണ്ടിലെ നീക്കിയിരിപ്പ് 10,40,091.50 രൂപയാണ്. നാളിതുവരെ ടി അക്കൗണ്ടിൽ നിന്ന് ചെലവ് ചെയ്തിട്ടില്ല. മുൻകൂറായി തുക പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നമ്പർ 8(2)) നൽകുകയുണ്ടായി.

12.2.19 ലെ 1(3) നമ്പർ തീരുമാനപ്രകാരം പുതിയ പ്രോജക്ട് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചെന്നും ജില്ലാമിഷൻ വിഹിതം 40,00,000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതം 86,69,600 രൂപയും കണക്കാക്കി 1,26,69,600 രൂപ അടങ്കലായി 270 ഗുണഭോക്താക്കൾക്കായിട്ടാണ് പ്രോജക്ട് രൂപീകരിച്ചതെന്നും മറുപടി ലഭ്യമാക്കി. ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ അഗതിരഹിത സർവ്വേ അപാകതകൾ നിറഞ്ഞതായിരുന്നെന്നും അതിനാൽ അനർഹരായ നിരവധി വ്യക്തികൾ ഗുണഭോക്തൃലിസ്റ്റിൽ കയറിപ്പറ്റിയിട്ടുണ്ടെന്നും അസിസ്റ്റന്റ് സെക്രട്ടറിയുടെ മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. അതിനാൽ അർഹതയുള്ള ഗുണഭോക്താക്കൾക്ക് മാത്രം ആനുകൂല്യം നൽകിയാൽ മതിയെന്ന് ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തു(24.1.19 ലെ 10(1)). ഒഴിവാക്കേണ്ടവരുടെ ലിസ്റ്റ് സഹിതം ജില്ലാ കുടുബശ്രീമിഷൻ കോ ഓർഡിനേറ്റർക്ക് കത്ത് നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് അഗതിരഹിതകേരളം പ്രോജക്ട് നടപ്പിലാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആവശ്യമായ ഫണ്ട് ലഭ്യമായിട്ടും സമൂഹത്തിലെ ഏറ്റവും ദുർബ്ബല ജനവിഭാഗത്തിൽ ഉൾപ്പെട്ടവരുടെ ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കാത്തത് ഉചിതമല്ല. തൻവർഷം പ്രോജക്ടിനായി മുൻകൂർ നൽകിയ 5,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 2) <u>ലാപ്ടോപ് - ടെണ്ടർ നിരക്കിനേക്കാൾ കൂടിയ തുക നൽകി</u>

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 10/19, എസ്.സി വിഭാഗത്തിന് ലാപ്ടോപ് |
| അടങ്കൽ | 3,00,000(വികസനഫണ്ട്) |
| ചെലവ് | 2,60,000(വികസനഫണ്ട്)<br>ബിൽ നമ്പർ 39/18-19,23.2.19<br>ബിൽ നമ്പർ 55/18-19,27.3.19 |

എസ്.സി വിഭാഗത്തിൽ പെട്ട 11 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 10 വിദ്യാർത്ഥികൾക്ക് തൻവർഷം ആനുകൂല്യം നൽകിയിട്ടുണ്ട്. ഒരു ബില്ല് ക്യു ലിസ്റ്റിൽ (26,000 രൂപ) ആകുകയും ചെയ്തു. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (ജി.എസ്.റ്റി ഉൾപ്പെടെ 25,690 രൂപ) ആവലോൺ സിസ്റ്റംസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു(ഇൻവോയ്സ് നമ്പർ എ.എസ്.കെ/സി1/0023/ലാപ്ടോപ്/18-19/15.11.18). എന്നാൽ 26,000 രൂപ നിരക്കിലാണ് ആവലോൺ സിസ്റ്റത്തിന് തുക നൽകിയത്.

നൽകിയ തുക-26000x10=260000

നൽകാവുന്ന തുക-25690x10=256900

അധികം നൽകിയത് =3100

2019-20 ൽ അധികം നൽകിയത് =310

ആകെ = 3410

അംഗീകരിച്ച ടെണ്ടർ നിരക്കിനേക്കാൾ കൂടുതലായി തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 8(3)) നൽകുകയുണ്ടായി. പ്രോജക്ട് നിർവ്വഹിക്കാൻ കാലതാമസം വന്നതിനാൽ ജി.എസ്.റ്റി നിരക്കിലെ വർദ്ധനവിനനുസരിച്ച് 310 രൂപ കൂടുതൽ നൽകേണ്ടിവന്നതാണെന്ന് മറുപടി ലഭിച്ചത്. എന്നാൽ തൻവർഷം നിർവ്വഹിച്ച പ്രോജക്ടിന് കരാർവ്യവസ്ഥയിലെ തുകയ്ക്ക് തന്നെ നൽകാൻ സ്ഥാപനത്തിന് ബാദ്ധ്യതയുണ്ടായിരുന്നു. മാത്രമല്ല ജനറൽകമ്മറ്റി ടി നടപടി അംഗീകരിച്ചിട്ടുമില്ല. അതിനാൽ അധികമായി നൽകിയതുക 3,410 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നോ ആവലോൺ സിസ്റ്റത്തിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-29 ജൈവവള നിർമ്മാണയൂണിറ്റുകൾ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളം നിർമ്മിച്ച് വിൽപ്പന നടത്തുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രോജക്ട് നം.55/19 പ്രകാരം 7 ഗുണഭോക്താക്കൾക്ക് 5,000/-രൂപ വീതം 35,000/-രൂപ സബ്സിഡി നൽകിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ജൈവവളം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഈ ഗുണഭോക്താക്കൾ പദ്ധതിയിൽ ലക്ഷ്യമിട്ട പ്രകാരം വളം നിർമ്മിക്കുന്നതിന്റെയോ, വിൽപ്പന നടത്തുന്നതോ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭിച്ച മറുപടിയിൽ (നം.21/15.11.19) ക്ഷീര കർഷകർ പൊതുവായി അഭിമുഖീകരിക്കുന്ന പ്രശ്നമാണ് മാലിന്യ സംസ്ക്കരണം എന്നതിനാൽ ഈ പദ്ധതി മാലിന്യ സംസ്ക്കരണ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയതെന്നും, ഉറവിടത്തിൽ സംഭരിക്കുന്ന വളം മഴ നനയാതെ സംഭരിച്ച് വിൽപ്പന നടത്തുന്നതിലൂടെ കർഷകർക്ക് അധികവരുമാനം ലഭിക്കുന്നതിനും പദ്ധതി പരമാവധി ഉപയോഗപ്പെടുത്തി മലിനീകരണം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നിർമ്മിക്കുന്ന വളം പാക്കറ്റുകളിലാക്കി (2, 5, 10 ഗ്രാം) ക്ഷീര സഹകരണസംഘങ്ങൾ/കുടുംബശ്രീഗ്രൂപ്പുകൾ, ഇക്കോഷോപ്പ്, കർഷക കർമ്മസേന മുഖേന വിൽപ്പന നടത്തണമെന്നും ഒന്നിലധികം കന്നുകാലികൾ ഉള്ള ക്ഷീരകർഷകർക്ക് മുൻഗണന നൽകണമെന്നുമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല. മാർഗ്ഗരേഖ പാലിച്ച് പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതും ഈ പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-30 വയബിലിറ്റി ഗ്യാപ്പ് ഫണ്ടും വാഹന വാടകയും- യൂസർ ഫീ ഇനത്തിൽ വലിയ കുറവ്

പ്രോജക്ട് നമ്പർ-74/19

ചെലവ്-1,39,050(വികസനഫണ്ട്)
2,01,256(തനത് ഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

വീടുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്ന ഹരിതകർമ്മസേന പ്രവർത്തകർക്ക് വേതനവും മാലിന്യശേഖരണത്തിന് ഉപയോഗിക്കുന്ന വണ്ടിക്ക് കൂലിയും നൽകാനാണ് ടി പ്രോജക്ട് രൂപീകരിച്ചത്. ഒരു വാർഡിൽ നിന്നും 2 പേർ വീതം കണക്കാക്കി ആകെ 32 ഹരിതകർമ്മസേന പ്രവർത്തകരെ കണ്ടെത്തി 20.10.18 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1(16) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. തൻ വർഷം വേതനം വണ്ടിക്കൂലി, യൂണീഫോം, നോട്ടീസ് പ്രിന്റിംഗ് ഇനങ്ങളിലായി 3,40,306 രൂപ ചെലവഴിച്ചു. തൻവർഷം യൂസർഫീ ഇനത്തിലായി വീടുകളിൽ നിന്നും കളക്ട് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | തുക |
|---|---|
| 10/18 | 15,020 |
| 11/18 | 16,970 |
| 12/18 | 21,920 |
| 1/19 | 25,400 |
| 2/19 | 25,480 |
| 3/19 | 29,880 |
| **ആകെ** | **1,34,670** |

4/19 മുതൽ 10/19 വരെ 1,40,443 രൂപയാണ് ആകെ യൂസർഫീ ഇനത്തിലെ വരവ്. അതായത് യൂസർ ഫീസ് ഇനത്തിലെ കളക്ഷൻ ക്രമാനുഗതമായി കുറഞ്ഞുവരുന്ന അവസ്ഥ. വയബിലിറ്റി ഗ്യാപ്പ് ഫണ്ടിന്റെ വിനിമയത്തിനായി ആരംഭിച്ച പുതിയ അക്കൗണ്ടിൽ (നമ്പർ 40743101004818, കേരള ഗ്രാമീൺ ബാങ്ക്) 31.3.19 ൽ 11,762 രൂപയും 5.11.19 ൽ 56,566 രൂപയുമാണ് ബാലൻസ്. 24.11.18 ലെ 7(2) നമ്പർ തീരുമാനപ്രകാരം 500 രൂപ വീതം ഹരിത കർമ്മസേന പ്രവർത്തകർക്ക് നൽകാൻ തീരുമാനമെടുത്തു. 24.11.18 ലെ 7(4) നമ്പർ തീരുമാനപ്രകാരം ഒരു ഹരിത കർമ്മസേന പ്രവർത്തകയ്ക്ക് 3,000 രൂപയിൽ ശമ്പളം നിർണ്ണയിച്ചിട്ടുണ്ട്. അതായത് പ്രതിമാസം 96,000 രൂപ ചെലവഴിക്കേണ്ട അവസ്ഥ. എന്നാൽ നിലവിലെ യൂസർഫീ കളക്ഷൻ ടി പ്രവർത്തനത്തിന് അപര്യാപ്തമായ അവസ്ഥയാണ്. തന്മൂലം മാലിന്യം കാര്യക്ഷമമായ രീതിയിൽ ശേഖരിക്കാൻ കഴിയാത്ത അവസ്ഥ ഒഴിവാക്കപ്പെടേണ്ടതുണ്ട്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

അപാകതകൾ പരിഹരിച്ച് യൂസർഫീ കളക്ഷൻ വർദ്ധിപ്പിച്ച് പ്രോജക്ട് നിലനിർത്താനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 ഉത്തരവാദിത്ത ടൂറിസം -പ്രോജക്ട് നിർവ്വഹണത്തിനായി പ്രാഥമിക നടപടികൾ പോലും സ്വീകരിച്ചിട്ടില്ല

ടൂറിസത്തിന്റ ഗുണപരമായ അംശങ്ങൾ പരമാവധി വർദ്ധിപ്പിക്കാനും തെറ്റായ ഘടകങ്ങളെ ഇല്ലാതാക്കാനുമുള്ള ഏറ്റവും ഫലപ്രദമായ മാർഗമെന്ന നിലയിൽ ഉത്തരവാദിത്വ ടൂറിസം ലോകവ്യാപകമായി സ്വീകരിക്കപ്പെടുന്നു. ഇന്ത്യയിൽ ഈ ആശയം ആദ്യം ഉൾക്കൊണ്ട് പ്രാവർത്തികമാക്കിയ സംസ്ഥാനമാണ് കേരളം. ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ വിജയകരമാക്കിയ ഇന്ത്യയിലെ പ്രഥമ ടൂറിസം കേന്ദ്രമെന്ന ബഹുമതി കുമരകത്തിനാണ്. പാരിസ്ഥിതികമോ സാമൂഹികമോ ആയ കോട്ടങ്ങളൊന്നും വരുത്താതെ ടൂറിസ്റ്റുകൾക്കും തദ്ദേശവാസികൾക്കും പരമാവധി പ്രയോജനം ലഭ്യമാക്കാനുള്ള സമഗ്രസമീപനമാണ് ഉത്തരവാദിത്ത ടൂറിസത്തിനുള്ളത്. ഏറ്റവും ശ്രദ്ധേയമായ വസ്തുത ഉത്തരവാദിത്ത ടൂറിസം തദ്ദേശീയ സമൂഹത്തിന്റെ ജീവിതാവസ്ഥകളെ അത്ഭുതകരമാം വിധം മെച്ചപ്പെടുത്തി എന്നതാണ്. കുമരകത്തിന്റെ വിജയ മാതൃക പിൻതുടർന്നുകൊണ്ട് കേരളത്തിലെ ഇതര ടൂറിസം കേന്ദ്രങ്ങളിലും ഉത്തരവാദിത്ത ടൂറിസം നടപ്പാക്കി വരികയാണ്. ആർപ്പൂക്കര പഞ്ചായത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കുമരകത്തോളം തന്നെ സാധ്യതയുള്ള പഞ്ചായത്താണ്.

ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഏതാനും ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- തരിശ്ശു നിലത്ത് കൃഷിയിറക്കി കാർഷിക ഉൽപാദനം വർദ്ധിപ്പിയ്ക്കുക
- മീൻ വളർത്തലും താമര വളർത്തലും
- ഹോട്ടൽ വ്യവസായമായുള്ള ബന്ധത്തിലൂടെ തദ്ദേശ ഉൽപന്നങ്ങളുടെ വിപണനം.

- സുവനിർ വ്യവസായം വികസനം
- സമൂഹവുമായി ബന്ധപ്പെട്ട ടൂറിസം ഉൽപന്നങ്ങൾ
- പ്രാദേശിക കലാരൂപങ്ങളുടെയും സംസ്കാരത്തിന്റെയും പ്രചാരണം
- സാംസ്കാരിക ടൂറിസം, പ്രാദേശിക വിഭവങ്ങൾ എന്നിവയുടെ പ്രചാരണം.
- സാമൂഹ്യ ബോധവൽക്കരണം. പരിസ്ഥിതി സംരക്ഷണം.
- ഊർജ്ജ സംരക്ഷണത്തിനുള്ള നടപടികൾ
- സമഗ്ര വിഭവ ഭൂപട നിർമ്മാണം.
- ലേബർ ഡയറക്ടറി.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റുവർഷം 500,000 രൂപ (പ്രോജക്ട് നം.97/19)ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയെങ്കിലും പ്രാഥമിക നടപടികൾ പോലും ആരംഭിച്ചിട്ടില്ല. ടി വിഷയം സംബന്ധിച്ച് ചർച്ചകളും യോഗങ്ങളും സംഘടിപ്പിച്ചതിനും (ഭക്ഷണചെലവ്) നോട്ടീസ് അച്ചടിച്ചതിനും 20,000 രൂപയോളം തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

ടൂറിസം മേഖലയിൽ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവരുടെ ഒരു ശിൽപ്പശാല നടത്തി എല്ലാ വിഭാഗത്തിൽപ്പെട്ടവരുടെയും പൊതുസമ്മതത്തോടുകൂടി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കുക എന്നതായിരിക്കണം ഇതിന്റെ ലക്ഷ്യം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, ഗവൺമെന്റ്, ടൂറിസം വ്യവസായം, പൗരസമൂഹം, മാധ്യമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെയെല്ലാം പ്രതിനിധികളെ പങ്കെടുപ്പിച്ച് ഉത്തരവാദിത്ത ടൂറിസത്തിന്റെ സാമൂഹ്യ സാമ്പത്തിക പാരിസ്ഥിതിക വശങ്ങൾ ചർച്ച ചെയ്ത് ഈ പ്രദേശത്തിനു വേണ്ടി ഒരു കർമ്മ പദ്ധതി ആവിഷ്കരിയ്ക്കാവുന്നതാണ്. ഭരണസമിതിയുടെ സജീവശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-32 കോട്ടയം മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണസ്ഥാപനം എന്ന നിലയിൽ പഞ്ചായത്തിന്റെ പ്രോജക്ട് നിർവ്വഹണം- വിലയിരുത്തൽ

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാന വർദ്ധനവിൽ ഒരു പ്രധാന പങ്ക് വഹിയ്ക്കുന്നത് കോട്ടയം മെഡിക്കൽ കോളേജാണ്. തനതുവരുമാനത്തിന്റെ ഗണ്യമായ വിഹിതം മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ തൊഴിൽ നികുതി, ജനനമരണ രജിസ്ട്രേഷൻ ഫീസ്, മെഡിക്കൽ കോളേജ് ബസ്സ്റ്റാന്റ് വഴി കടന്നുപോകുന്ന വാഹനങ്ങളുടെ പാസ്സ് നൽകുന്നതിനുള്ള ലേലം, അനൗൺസ്മെന്റ് ലേലം, ശുചിമുറികളുടെ ലേലം, ഷോപ്പിംഗ് കോംപ്ലക്സ് ലേലം എന്നിങ്ങനെ ലഭിക്കുന്ന വരവിനങ്ങളാണ്. എന്നാൽ മെഡിക്കൽ കോളേജിലും പരിസരത്തും ഉണ്ടാകുന്ന മാലിന്യ നിർമ്മാർജ്ജനത്തിനായി ഓഡിറ്റ് വർഷം ചുവടെ സൂചിപ്പിയ്ക്കും പ്രകാരം വിവിധ പ്രോജക്ടുകൾക്കായി തുക വകയിരുത്തിയിരുന്നെങ്കിലും പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം./പേര് | വകയിരുത്തിയ തുക |
|---|---|---|
| 1. | മെഡിക്കൽ കോളേജിലെയും പരിസരത്തെയും മാലിന്യങ്ങൾ നിർമ്മാർജ്ജനം (272/19) | 5,00,000(തനതുഫണ്ട്) |
| 2. | മാലിന്യസംഭരണകെട്ടിടം (എം.ആർ.എഫ്.) (319/19) | 6,40,000 (പദ്ധതി വിഹിതം)<br>2,50,000(തനതുഫണ്ട്) |
| 3. | മാലിന്യനിർമ്മാർജ്ജനം- തുമ്പൂർമുഴി സ്ഥാപിയ്ക്കുന്നതിന് കെട്ടിട നിർമ്മാണം (348/19) | 8,10,000 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>90,000(തനതുഫണ്ട്) |

**I. <u>മാലിന്യ നിർമ്മാർജ്ജനം- നിലവിലെ അവസ്ഥ</u>**

താരതമ്യേന ജനനിബിഡമായ പഞ്ചായത്ത് എന്ന നിലയിലും കോട്ടയം മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണസ്ഥാപനം എന്ന നിലയിലും ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികൾക്ക് പ്രഥമ പരിഗണന ആവശ്യമുണ്ട്. മാലിന്യസംസ്കരണത്തിനായും ശുചിത്വപരിപാലനത്തിനായും ഓഡിറ്റുവർഷം വൻതുക വകയിരുത്തിയിട്ടുണ്ട്. അജൈവമാലിന്യങ്ങളുടെ ഉല്പാദനം തടയുന്നതിലും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ

ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിലും സ്ഥാപനത്തിൽ വീഴ്ചവന്നിട്ടുണ്ട്. കടകൾ വഴിയുള്ള പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം തടയുന്നതിന് ബൈലോ അംഗീകരിച്ചെങ്കിലും ഇത് പാലിക്കപ്പെടുന്നുണ്ടോയെന്ന് നിരന്തരമായി നിരീക്ഷിക്കപ്പെടുന്നില്ല.

1. ഗ്രാമ പഞ്ചായത്തിലെ അജൈവ മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി 2018-19 വർഷത്തിൽ ഹരിതകർമ്മസേന പ്ലാസ്റ്റിക് ശേഖരിയ്ക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങളുടെ ശേഖരണത്തിനും സംസ്ക്കരണത്തിനും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

2. പഞ്ചായത്ത് പരിധിയിൽ സൃഷ്ടിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ്, സ്വഭാവം, സ്രോതസ്സ് എന്നിവ സർവ്വെ നടത്തി തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ മാലിന്യ സംസ്ക്കരണം എന്ന വെല്ലുവിളി ഭാഗികമായി പരിഹരിക്കുന്നതിന് മാത്രമെ പദ്ധതി സഹായകമായുള്ളു.

3. മാലിന്യങ്ങൾ കയറ്റി അയച്ച് കയ്യൊഴിയുക എന്ന നയമാണ് അജൈവ/ജൈവ മാലിന്യ സംസ്ക്കരണത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത്. ആയത് പ്രസ്തുത വെല്ലുവിളിയെ ശാശ്വതമായി നേരിടുന്നതിന് സഹായകമല്ല. ഈ പ്രക്രിയതന്നെ മാസങ്ങളായി നിലച്ച അവസ്ഥയിലുമാണ്.

ഖരമാലിന്യങ്ങളുടെ സംസ്ക്കരണത്തിനോ ജൈവമാലിന്യ സംസ്ക്കരണത്തിനോ സംവിധാനമില്ല എന്നത് മാലിന്യങ്ങൾ അശാസ്ത്രീയമായി കൈകാര്യം ചെയ്യപ്പെടുന്നതിന് കാരണമാകും. ഇത് ഗുരുതരമായ പാരിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. മാലിന്യ പരിപാലനത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിലുണ്ടായ വീഴ്ചയാണ് ഹരിതകർമ്മസേനയുടെയും അജൈവ മാലിന്യ നിർമ്മാർജ്ജന പ്രക്രിയയിലെയും പരാജയത്തിന് കാരണമായിട്ടുള്ളത്. താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കി നിലവിലെ സ്ഥിതിവിശേഷത്തിന് അടിയന്തിര പരിഹാരം കാണാവുന്നതാണ്.

എ) ഹരിതസഹായ സ്ഥാപനത്തെ അടിയന്തിരമായി തെരഞ്ഞെടുത്ത് ഹരിതസഹായ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ മാലിന്യ സർവ്വെ നടത്തി പൂർണ്ണപ്രവർത്തന പദ്ധതി തയ്യാറാക്കുക.

ബി) മാലിന്യ ശേഖരണത്തിനും അനുബന്ധപ്രവർത്തനങ്ങൾക്കും സജ്ജമാകുന്ന രീതിയിൽ ഹരിത കർമ്മസേന പുനസംഘടിപ്പിക്കുക.

സി) എം.ആർ.എഫ്, എം.സി.എഫ് എന്നിവ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഈ സെന്ററുകളെകുറിച്ച് ആവശ്യമായ ബോധവത്ക്കരണം നടത്തി പൊതുജനങ്ങളുടെ നിലവിലുള്ള ആശങ്കകൾ പരിഹരിക്കാവുന്നതാണ്.

ഡി)എം.ആർ.എഫ്, എം.സി.എഫ് സെന്ററുകൾ സ്ഥാപിക്കുന്നതുവരെ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി കൈയ്യൊഴിയുന്നതിന് ഫലപ്രദമായ ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഇക്കാര്യത്തിൽ അനുഭവസമ്പത്തുള്ള ലോക്കൽ ബോഡികളിലെ മാതൃകകൾ സ്വീകരിക്കാവുന്നതാണ്

ഇ) പ്ലാസ്റ്റിക് ക്യാരീ ബാഗുകളുടെ ഉപയോഗം പൂർണ്ണമായും നിരോധിക്കുന്നതിന് നിരന്തരമായ നിരീക്ഷണസംവിധാനം നിലവിൽ വരുത്തേണ്ടതുണ്ട്.

**II. <u>പൊതുശ്മശാനം - സ്ഥലം വാങ്ങൽ</u>**

മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്നത് പഞ്ചായത്ത് പരിധിയിലാകയാൽ വളരെയധികം അജ്ഞാത മൃതശരീരങ്ങൾ മറവ് ചെയ്യുന്നതിനുള്ള ചുമതലയും ബാധ്യതയും ഗ്രാമപഞ്ചായത്തിൽ വന്ന് ചേരുന്നുണ്ട്(അനിവാര്യചുമതല എന്ന നിലയിൽ). ഈ സാഹചര്യം നിലനിൽക്കുമ്പോഴും പൊതുശ്മശാനത്തിനായി സ്ഥലം വാങ്ങുന്നതിനുള്ള കമ്മറ്റി തീരുമാനം നാളിതു വരെ നടപ്പാക്കിയിട്ടില്ല. അടിയന്തിര പ്രാധാന്യമുള്ള ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-33 പ്രളയദുരന്തനിവാരണം- ചെലവുകളുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു

പ്രളയദുരന്തനിവാരണത്തിനായി 2018-19 വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | ആവശ്യം |
|---|---|---|
| 21800465/30.08.18 | 25,000 | കന്നുകാലികൾക്ക് വൈക്കോൽ വാങ്ങുന്നതിന് വെറ്റിനറി സർജന് നൽകിയ തുക |

| | | |
|---|---|---|
| 21800426/20.08.18 | 20,000 | പ്രളയം നേരിടുന്നതിന് മുൻകൂറായി എടുത്ത തുക |
| 21800441/23.08.18 | 30,000 | “ |
| 21800481/04.09.18 | 1,52,800 | ദുരിതാശ്വാസക്യാമ്പിലേക്ക് ഭക്ഷണം, വസ്ത്രം, വെളിച്ചം തുടങ്ങിയവയ്ക്ക് നൽകിയ തുക |
| 21800534/17.09.18 | 16,920 | വാഹനവാടക |
| 21800497/06.09.18 | 53,250 | ബ്ലീച്ചിങ്ങ് പൗഡർ വണ്ടിവാടക എന്നിവയ്ക്ക് നൽകിയ തുക |
| 21500507/11.09.18 | 34,975 | വീടുകൾ വൃത്തിയാക്കുന്നതിന് ലോഷൻ വാങ്ങിയ തുക |
| 21800512/13.09.18 | 1,11,000 | കുടിവെള്ള വിതരണത്തിന് നൽകിയ തുക |
| 21800614/08.10.18 | 2,20,000 | “ |
| 21800519/13.09.18 | 17,000 | ജിയോ ടാഗ് -വാഹനവാടക |
| 21800632/17.10.18 | 7,280 | “ |
| 21800684/01.11.18 | 68,640 | കുമ്മായം വാങ്ങുന്നതിനു നൽകിയ തുക |
| 21800525/12.09.18 | 43,000 | ക്യാമ്പ് പ്രവർത്തിക്കുന്ന സ്ക്കൂൾ മട വീണ് പോകാതിരിക്കുന്നതിന് മണ്ണിട്ടുയർത്തിയ തുക |
| **ആകെ** | **7,99,865** | |

മേൽ വൗച്ചറുകൾ പ്രകാരം 7,69,865 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ പൂർണ്ണമല്ല. മിക്ക ചെലവിന്റെയും ഉപ വൗച്ചറുകളുടെ ആധികാരികത ബോധ്യപ്പെട്ടില്ല. വാടകക്കെടുത്ത വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ഉൾപ്പെടുത്തിയിട്ടില്ല. ചെലവ് തുക അക്കൗണ്ട് വഴി ട്രാൻസ്ഫർ ചെയ്തു നൽകാത്തതിനാൽ ഇടപാടുകളുടെ സുതാര്യത ഉറപ്പാക്കാനാവുന്നില്ല. മേൽ ചെലവുകൾ ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല.
ആയതിനാൽ മേൽ ചെലവുകളുടെ ആധികാരികത വ്യക്തമായിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ടി വൗച്ചറുകൾ പ്രകാരം ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 1-34 ജീവനക്കാരിൽ നിന്നും ഈടാക്കിയ ഉത്സവബത്ത CMDRF ലേക്ക് അടയ്ക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (അച്ചടി) നം.134/18 ധന 28.08.18 പ്രകാരം സംസ്ഥാനസർക്കാർ ജീവനക്കാർക്ക് 2017-18 വർഷം 2,750 രൂപ നിരക്കിൽ അനുവദിച്ച പ്രത്യേക ഉത്സവത്ത ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ജീവനക്കാരുടെ സംഭാവനയായി നൽകേണ്ടതാണെന്നും തുക കൈപ്പറ്റിയ ജീവനക്കാരുണ്ടെങ്കിൽ അവരുടെ 2018 സെപ്റ്റംബർ മാസത്തെ ശമ്പളത്തിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. ഇത് സംബന്ധിച്ച് അന്വേഷണക്കുറിപ്പ് നൽകിയപ്പോൾ തുക കൈപ്പറ്റിയ മൂന്ന് ജീവനക്കാരിൽ നിന്നും തുക(2750X3=8250) തിരികെ ഈടാക്കി തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഈ തുക തനത് ഫണ്ടിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അടവാക്കേണ്ടതാണ്.

## 1-35 വനിതാ തൊഴിൽപരിശീലനകേന്ദ്രം ഫലപ്രാപ്തിയിലെത്തിയില്ല

| | |
|---|---|
| പ്രോജക്ട് | വനിതാതൊഴിൽ പരിശീലനകേന്ദ്രം |
| പ്രോജക്ട് നമ്പർ | 264/19 |
| അളവുപുസ്തകം | 51/18-19 |
| | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എൻജിനീയർ |
| കോൺട്രാക്ടർ | ശ്രീ.ഷാജി ജോസഫ് |
| അടങ്കൽ | 11,99,212(വികസനഫണ്ട് പൊതുവിഭാഗം)<br>2,00,188(തനതുഫണ്ട്)<br>14,00,000 |
| ചെലവ് | 6,71,030 ബിൽ നമ്പർ 48/28.03.19 |

ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വനിതാതൊഴിൽപരിശീലനകേന്ദ്രത്തിന്റെ ഒന്നാം നിലനിർമ്മാണത്തിന് തൻവർഷം 6,71,030/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജി.ഒ.(എംഎസ്)362/2013 തസ്വഭവ 16.11.13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തയ്യാറാക്കിയ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് electrification, Plumbing എന്നിവ ഉൾപ്പെടുത്താതെ സ്ട്രക്ച്ചറിന് മാത്രമായാണ് തയ്യാറാക്കിയിരുന്നത്. ഇത് ശരിയായ നടപടിയല്ല. നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന്റെ വിനിയാഗം ഫലപ്രാപ്തിയിലെത്തുകയോ ആസ്തിയുടെ പ്രയോജനം ലഭിക്കുകയോ ചെയ്തിട്ടില്ല.

നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിയേക്കണ്ടതും കെട്ടിടനിർമ്മാണം പൂർത്തിയാക്കി ആസ്തി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. മാത്രമല്ല വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ട് നിർവ്വഹണം മൂലം വനിതകൾക്ക് പ്രത്യക്ഷത്തിൽ തന്നെ ഭൗതികനേട്ടം ലഭിക്കേണ്ടതുണ്ട്. അപാകത പരിഹാര നടപടികൾക്കും വിശദീകരണത്തിനുമായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-36 പ്രോജക്ടുകൾ നടപ്പാക്കാത്തതിനാൽ സർക്കാർ ധനസഹായം നഷ്ടമായി

ആകെ 187 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 69 എണ്ണം മാത്രമാണ് അസിസ്റ്റന്റ് എൻജിനീയർ തൻവർഷം നടപ്പാക്കിയത്. 56 സ്പിൽഓവർ പ്രോജക്ടുകളും 62 പുതിയ പ്രോജക്ടുകളും തൻവർഷം നടപ്പാക്കിയില്ല. 5,08,85,081 രൂപ ആകെ പ്രോജക്ടുകളുടെ അടങ്കലായി നിശ്ചയിച്ചിരുന്നു. ആയതിൽ 1,11,42,704 രൂപയാണ് യഥാർത്ഥ ചെലവ് (ചെലവ് ശതമാനം 21.89%).

അസിസ്റ്റന്റ് എൻജിനിയർ ചെലവഴിക്കാത്ത സർക്കാർ ഗ്രാന്റിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിക്കാത്ത തുക | ചെലവഴിക്കാത്ത തുകയുടെ നിരക്ക് |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 27,19,212 | 18,56,434 | 68% |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 65,30,920 | 34,62,223 | 53% |
| മെയിന്റനൻസ് ഫണ്ട് റോഡ് | 94,33,000 | 53,98,283 | 57% |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 30,72,353 | 24,70,658 | 80% |

ടി തുകകൾ ചെലവഴിക്കാത്തതിനാൽ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട തുക നഷ്ടമായി. മണ്ണ് ഫില്ലിങ്ങ്, മക്ക് ഫില്ലിങ്ങ് എന്നീ പ്രോജക്ടുകളുടെ കുറഞ്ഞ നിരക്ക് കാരണം പ്രോജക്ടുകൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്തതിനാലും ടാറിന്റെ കുറഞ്ഞ നിരക്ക് മൂലം വർക്കുകൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തികൾ ചെയ്യാതിരുന്നതിനാലുമാണ് ചെലവു ശതമാനം കുറഞ്ഞതെന്ന് അസിസ്റ്റന്റ് എൻജിനിയർ അറിയിക്കുകയുണ്ടായി.

**സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.**

സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന 56 പ്രോജക്ടുകൾ നടപ്പാക്കിയില്ല. പ്രോജക്ടുകളുടെ ആദ്യ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് മരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ ഉൾപ്പെടുത്തുന്നത്. 29.3.17-ലെ ജി.ഒ.(എം.എസ്)72/2017/തസ്വഭവ നമ്പർ മാർഗ്ഗരേഖാ ഉത്തരവ് ഖണ്ഡിക 6-8 (2) അനുസരിച്ച് സ്പിൽ ഓവർപ്രോജക്ടുകൾ അവ സ്പിൽ ഓവറായ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്.

പ്രോജക്ട് പുരോഗതി സംബന്ധിച്ച് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുകൾ ഉണ്ടായിട്ടില്ല. നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-2ലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാരിൽ നിന്നും ലഭ്യമായ വിവിധ ഫണ്ടിനങ്ങളിൽ 1.73 കോടി രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. ക്യാരിഓവർ വിഹിതം തുടർന്ന് ലഭിക്കാത്തതിനാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് ആത്യന്തികമായി നഷ്ടമായി. സർക്കാർ ധനസഹായം നഷ്ടപ്പെടാനുള്ള സാഹചര്യം ഭാവിയിൽ ഒഴിവാക്കേണ്ടതും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-37 ഭവനപുനരുദ്ധാരണം -പൂർത്തിയാക്കാത്തവർ

| | |
|---|---|
| പ്രോജക്ട് നമ്പർ | 8/19 |
| പ്രോജക്ടിന്റെ പേര് | ഭവനപുനരുദ്ധാരണം, ജനറൽ |
| അടങ്കൽ | 16,00,000 |
| ചെലവ് | 14,00,000 |

ഭവനപുനരുദ്ധാരണം, ജനറൽ എന്ന പ്രോജക്ടിനായി നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ തൻവർഷം 14,00,000 രൂപ വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. 27 ഗുണഭോക്താക്കൾ 50,000 രൂപ വീതം കൈപ്പറ്റി ഭവനപുനരുദ്ധാരണം പൂർത്തിയാക്കി. എന്നാൽ ശ്രീ.കെ.വി.ജയപ്രകാശ് കൊച്ചുപറമ്പിൽ, ശ്രീമതി വിമലാഭായ് പുല്ലാട്ട് എന്നീ ഗുണഭോക്താക്കൾ മുൻകൂറായി 25,000 രൂപ വീതം(ബിൽ നമ്പർ 25/18-19, 16.1.19) കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥൻ 5.11.19ന് ടിയാളുകൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയില്ലെങ്കിൽ ടിയാളുകളിൽ നിന്ന് പലിശ സഹിതം തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ആയതിലേക്കായി 50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 മരുന്ന്- പൂർണ്ണമായി ലഭ്യമായില്ല

1) സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി(നം.165/19) ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം (നമ്പർ പി.എഫ് 220/3.7.18) 2,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നം.7/18-19 തീയതി 15.9.18). എന്നാൽ ചുവടെ ചേർക്കുന്ന ഇൻവോയ്സുകൾ പ്രകാരം 1,93,000 രൂപയുടെ മരുന്ന് ലഭിക്കുകയും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| എൽ.എഫ് 548/19-20, 27.6.19 | 98,260 |
| എൽ.എഫ് 548/19-20, 10.5.19 | 94,740 |

ബാക്കി 7,000 രൂപയുടെ മരുന്ന് വാങ്ങാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 12). മരുന്ന് ലഭ്യമാക്കിയശേഷം വിവരം അറിയിക്കാമെന്ന് അറിയിച്ചു.

2) മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ബിൽ നമ്പർ 7/18-19, തീയതി 30.1.19 പ്രകാരം 1,00,000 രൂപ കൈമാറിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 58,726 രൂപയുടെ മരുന്നേ ലഭ്യമായിട്ടുള്ളൂ. പർച്ചേസ് ഇൻവോയ്സുകൾ ഓഡിറ്റിന് ലഭ്യമായില്ല. ബാക്കി 41,274 രൂപയുടെ മരുന്ന് വാങ്ങാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/13.11.9) മരുന്ന് ലഭ്യമായിട്ടില്ലെന്നും ലഭിക്കുമ്പോൾ വിവരം ഓഡിറ്റിൽ അറിയിക്കാമെന്നുമാണ് മറുപടി ലഭിച്ചത്. മരുന്ന് ലഭ്യമാകുമ്പോൾ ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം ലഭ്യമാക്കുന്നതിലേക്കായി 48,274 രൂപയുടെ ചെലവ്(7000+41274) തടസ്സപ്പെടുത്തുന്നു.

## 1-39 കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ

2018-19 വർഷം കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**1) <u>കുറ്റിപമ്പ്- വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകി.</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | 39/19, കുറ്റി പമ്പ് വിതരണം |
| അടങ്കൽ | 85,000 |
| ചെലവ് | 13,443(വികസനഫണ്ട്) |
| ബിൽ നമ്പർ/തീയതി | 5/18-19/23.3.19 |

*തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.12.18 ലെ* ***ജി.ഒ(എം.എസ്) 22/18*** നമ്പർ സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.1(8) പ്രകാരം വ്യക്തികൾക്ക് കുറ്റി പമ്പ് വിതരണത്തിന് സബ്സിഡി നൽകാനാവില്ല. എന്നാൽ തൻവർഷം ചുവടെ ചേർക്കും പ്രകാരം വ്യക്തികളുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക റ്റി.സി ചെയ്തിട്ടുണ്ട്.

| വ്യക്തിയുടെ പേര് | കൈപ്പറ്റിയ തുക |
|---|---|
| തങ്കച്ചൻ കെ.വി | 1,755 |
| ജിജി ഫിലിപ്പ് | 5,907 |
| കുരുവിളബേബി | 1,927 |
| ജോൺ ജോസഫ് | 3,854 |
| **ആകെ** | **13,443** |

പാടശേഖരസമിതിക്കാണ് തുക നൽകിയതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി. എന്നാൽ മറുപടി സാധൂകരിക്കുന്നതിനാവശ്യമായ ആധികാരിക രേഖകൾ ഫയലിൽ സൂക്ഷിക്കുകയോ ഓഡിറ്റിൽ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല പാടശേഖരസമിതികളുമായി കരാറിലേർപ്പെട്ടിട്ടുമില്ല.അപാകത പരിഹരിച്ച ശേഷം വിവരം അറിയിക്കേണ്ടതാണ്.

**2) <u>സമഗ്രനെൽകൃഷി വികസനം-വിതരണ വിവരമില്ല.</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 7/19, സമഗ്രനെൽകൃഷി വികസനം |
| അടങ്കൽ | 23,00,000(വികസനഫണ്ട്)<br>1,69,000(തനത്ഫണ്ട്)<br>24,68,750(ഗുണഭോക്തൃവിഹിതം) |
| ചെലവ് | 23,00,000(വികസനഫണ്ട്)<br>1,69,000(തനത്ഫണ്ട്) |
| ബിൽ നമ്പർ/ തീയതി | 1/18-19/26.9.18<br>2/18-19/10.1.19 |

മേൽ പ്രോജക്ടിനായി ചുവടെ ചേർക്കും പ്രകാരം നെൽവിത്തുകൾ സീഡ് കോർപ്പറേഷൻ, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ | വിത്തിന്റെ അളവ്/തുക | ചെലവ് തുക |
|---|---|---|
| 1497/30.5.18 | ഉമ-87570 കി.ഗ്രാം<br>ജ്യോതി-33690 കി.ഗ്രാം<br>ആകെ 47,89,770 രൂപ | വികസനഫണ്ട്-22,57,824 രൂപ<br>ഗുണഭോക്തൃവിഹിതം-25,31,946 |
| 1568/23.10.18 | ഉമ-72330 കി.ഗ്രാം<br>ജ്യോതി-11450 കി.ഗ്രാം | വികസനഫണ്ട്-42,176 രൂപ<br>ഗുണഭോക്തൃവിഹിതം-1,55,880<br>തനത്ഫണ്ട്-1,69,000 |

| | | | |
|---|---|---|---|
| | ആകെ രൂപ | 33,09,310 | (ആകെ 3,67,056 രൂപയുടെ ബില്ല് മാറി) |

നെൽവിത്തുകൾ പാടശേഖരസമിതിക്കോ കർഷകർക്കോ കൈമാറിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19) വ്യക്തമായ മറുപടി ലഭ്യമായില്ല. പ്രോജക്ടിന്റെ അടങ്കലിൽ ഉൾപ്പെടുത്തിയിരുന്നതിനേക്കാൾ കൂടുതൽ തുക ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിച്ചതായി കാണുന്നു. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുന്നതിലേക്കായി വികസനഫണ്ട്, തനതുഫണ്ട് ഇനങ്ങളിലായി നെൽകൃഷി വികസനം എന്ന പ്രോജക്ടിനായി ചെലവഴിച്ച 24,69,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ-നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ-24/19

ചെലവ്-1,01,257(വികസനഫണ്ട്)

ബിൽ നമ്പർ- 1/18-19,19.3.19

നിർവ്വഹണോദ്യോഗസ്ഥ-ഫിഷറീസ് സബ് ഇൻസ്പെക്ടർ

13 മൽസ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് മേശയും കസേരയും വാങ്ങി നൽകുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 15.11.18 ൽ തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനം 7,090 രൂപ നിരക്കിൽ ഫർണ്ണീച്ചർ നൽകാമെന്ന് ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് (ഏക ടെണ്ടർ). ടി ടെണ്ടർ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്തത് രേഖപ്പെടുത്താതെ 28.12.18 ന് ഇതേ സ്ഥാപനത്തിൽ നിന്നുതന്നെയുള്ള 7,789 രൂപയുടെ ടെണ്ടർ അംഗീകരിച്ച് 13 ഫർണ്ണീച്ചറുകളുടെ ബിൽ തുക മാറി നൽകിയിട്ടുണ്ട്. ടെണ്ടർ അംഗീകരിച്ചതിന്റെയോ നിരസിച്ചതിന്റെയോ കാരണം രേഖപ്പെടുത്തിയ പ്രൊക്യുർമെന്റ് കമ്മറ്റി ശുപാർശ, ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം എന്നിവ ഫയലിലില്ല. ഒരേ സ്ഥാപനം തന്നെ രണ്ടാമതും ടെണ്ടർ കൂടിയ നിരക്കിൽ സമർപ്പിച്ചപ്പോൾ നെഗോഷ്യേറ്റ് ചെയ്തതായി കാണുന്നില്ല. ഒരേ സ്ഥാപനം തന്നെ കേവലം ഒരു മാസത്തെ ഇടവേളയിൽ നിരക്ക് ക്വോട്ട് ചെയ്തതിൽ 700/- രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടും നെഗോസിയേഷൻ നടപടികൾ സ്വീകരിക്കാത്തത് ഉചിതമല്ല. 31.3.19 ന് മുമ്പ് പദ്ധതി പൂർത്തിയാക്കേണ്ടതിനാൽ അടിന്തിരമായി പ്രോജക്ട് നിർവ്വഹിക്കേണ്ടി വന്നതിനാലാണ് ടി അപാകതയുണ്ടായതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6) നിർവ്വഹണോദ്യോഗസ്ഥ നൽകിയ മറുപടി. ടെണ്ടർ നടപടിക്രമങ്ങൾ ക്രമപ്രകാരം പാലിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ച് വിശദമായ മറുപടി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-41 അങ്കണവാടികൾ വാടകക്കെട്ടിടത്തിൽ-കേന്ദ്രവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷം നടപ്പാക്കിയ പ്രോജക്ടാണ് അങ്കണവാടി കെട്ടിടങ്ങളുടെ വാടക നൽകൽ (പ്രോജക്ട് നമ്പർ 317/19). വികസനഫണ്ടിൽ നിന്നും ഈ ഇനത്തിൽ 1,13,538 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 27 അങ്കണവാടികളിൽ 24 എണ്ണവും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24) ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) നാലാം നമ്പർ അങ്കണവാടിക്ക് കണ്ടെത്തിയ സ്ഥലം (കരിപ്പൂത്തട്ട് സ്കൂളിന്റെ കളിസ്ഥലത്ത്), 25 നമ്പർ അങ്കണവാടിക്ക് കണ്ടെത്തിയ സ്ഥലം എന്നിവ ചതുപ്പ് നിലം എന്ന് രേഖകളിലുള്ളതിനാൽ secure report ലഭിച്ചില്ല.

2) എട്ടാം നമ്പർ അങ്കണവാടിക്കും പതിനാലാം നമ്പർ അങ്കണവാടിക്കും സ്വന്തമായി സ്ഥലമുണ്ട്.

3) 21-ാം നമ്പർ അങ്കണവാടിക്ക് പതിനാറാം വാർഡിൽ സ്ഥലമുണ്ട്. എം.പി ഫണ്ട് ഉപയോഗിച്ച് ഇവിടെ കെട്ടിടം നിർമ്മിക്കാൻ നടപടികൾ നടക്കുന്നു.

മേൽ സൂചിത അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണം നടത്തുവാൻ ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്. മേൽ സ്ഥലങ്ങൾ യോജ്യമല്ലെങ്കിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തേണ്ടതാണ്. വാർഷിക കണക്കുകളുടെ A4 ഷെഡ്യൂൾ പ്രകാരം 19,69,205 രൂപ അങ്കണവാടി കേന്ദ്രവിഹിതമിനത്തിൽ നീക്കിയിരിപ്പുണ്ട്. വിവിധ പ്രോജക്ടുകൾക്കായി മാത്രം തൻവർഷം ചെലവഴിച്ച തനത് ഫണ്ട് 1,42,83,288 രൂപയാണ്. എന്നാൽ അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കാൻ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് അങ്കണവാടികൾക്ക് സ്ഥലവും കെട്ടിടവും അടിസ്ഥാന സൗകര്യവും ഒരുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുടർ വർഷങ്ങളിലെ പ്രോജക്ടുകളിലൂടെ ടി നേട്ടം കൈവരിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-42 വിവിധ ഡെപ്പോസിറ്റ് വർക്കുകൾ- വിനിയോഗ വിവരമില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്ക് വിവിധ നിർവ്വഹണ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ വിനിയോഗവിവരം ലഭ്യമായില്ല. കരാർ രേഖകളിൽ പൂർത്തീകരണ കാലയളവ് യഥാവിധി രേഖപ്പെടുത്തി ടി സമയക്ലിപ്തത പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | ബിൽ നമ്പർ/ ചെക്ക് നമ്പർ, തീയതി |
|---|---|---|---|---|---|
| 354/19 | വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 5,15,000(തനതുഫണ്ട്) | 5,15,000(തനതുഫണ്ട്) | വാട്ടർ അതോറിറ്റി | ചെക്ക് നമ്പർ 2729150/ 28.2.19 |
| 75/19 | വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 20,00,000 ധനകാര്യകമ്മീഷൻ ഗ്രാന്റ് 5,00,000(തനതുഫണ്ട്) | 20,00,000 ധനകാര്യകമ്മീഷൻ ഗ്രാന്റ് 5,00,000(തനതുഫണ്ട്) | വാട്ടർ അതോറിറ്റി | ബിൽ നമ്പർ 3,5,9,10/ 18-19 13.7.18, 23.8.18, 16.11.18, 18.2.19 ചെക്ക് നമ്പർ 2729104/ 7.2.19 |
| 31/19 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2,00,000(തനതുഫണ്ട്) | 1,99,837(തനതുഫണ്ട്) | ഇലക്ട്രിസിറ്റി ബോർഡ് | ചെക്ക് നമ്പർ 2323496/ 19.1.19 |
| 339/19 | വാർഡ് 2ൽ മെയിൻ വലിക്കൽ | 1,50,000(തനതുഫണ്ട്) | 1,02,570(തനതുഫണ്ട്) | ഇലക്ട്രിസിറ്റി ബോർഡ് | ചെക്ക് നമ്പർ 007048/ 16.2.19 |

| | | | | | |
|---|---|---|---|---|---|
| 350/19 | വാർഡ് 4ൽ മെയിൻ വലിക്കൽ | 75,000(തനതുഫണ്ട്) | 73,953(തനതുഫണ്ട്) | ഇലക്ട്രിസിറ്റി ബോർഡ് | ചെക്ക് നമ്പർ 007049/ 27.2.19 |
| | | **ആകെ** | **28,76,360** | | |

പ്രോജക്ടുകൾ പൂർത്തിയാക്കി വിനിയോഗവിവരം ലഭ്യമാക്കിയ ശേഷം വിവരം അറിയിക്കേണ്ടതാണ്. ആയതിലേക്കായി 28,76,360 രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-43 ലൈഫ് ഭവനപദ്ധതി-അവലോകനം

ലൈഫ് രണ്ടാം ഘട്ട പ്രോജക്ടുമായി ബന്ധപ്പെട്ട് 3 പ്രോജക്ടുകളാണ് തൻവർഷം നടപ്പിലാക്കിയത്. ആയവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം | ഭവനം പൂർത്തിയാക്കാത്തവർ |
|---|---|---|---|---|
| 294/19, ലൈഫ് ഭവന പദ്ധതി ജനറൽ | 32,89,200(വികസനഫണ്ട്)<br>20,00,000(ബ്ലോക്ക് ഷെയർ)<br>30,00,000(ജില്ലാപഞ്ചായത്ത് ഷെയർ)<br>2,37,10,800(വായ്പ) | 32,89,200(വികസനഫണ്ട്)<br>5,69,991(ബ്ലോക്ക് ഷെയർ)<br>5,91,368(ജില്ലാപഞ്ചായത്ത് ഷെയർ)<br>41,29,441(വായ്പ) | 32 | 28 |
| 297/19, ലൈഫ് ഭവന പദ്ധതി എസ്.സി | 4,00,000(വികസനഫണ്ട്) | 3,60,000(വികസനഫണ്ട്) | 1 | 1 |
| 296/19, ലൈഫ് ഭവന പദ്ധതി എസ്.റ്റി | 25,400(വികസനഫണ്ട്)<br>3,34,663(തനത്ഫണ്ട്)<br>39,937(ജില്ലാപഞ്ചായത്ത് ഷെയർ) | 25,400(വികസനഫണ്ട്)<br>2,94,663(തനത്ഫണ്ട്)<br>39,937(ജില്ലാപഞ്ചായത്ത് ഷെയർ) | 1 | 1 |

ജനറൽ വിഭാഗത്തിലെ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | സ്റ്റേജ് | കരാർ തീയതി |
|---|---|---|---|---|
| 1 | സാറാമ്മ സാം, കടവത്തുംകണ്ടം | 40,000 | മുൻകൂർ | 12.2.19 |
| 2 | ബിജിമോൾ, തട്ടാംപറമ്പിൽ | 2,00,000 | ലിന്റൽ | 19.8.19 |
| 3 | രഞ്ചിനി രാജു, പന്നപ്പറ | 40,000 | മുൻകൂർ | 31.8.19 |
| 4 | സിന്ധു ഷൈൻ, ഇളംതുരുത്തേൽ | 40,000 | മുൻകൂർ | 29.8.19 |

മേൽ സൂചിപ്പിച്ചിരിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ-ഇല്ല

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച വിവിധ പ്രോജക്ടുകൾ-നിർവ്വഹണത്തിൽ അപാകതകൾ

**ലാപ്ടോപ് - ടെണ്ടർ നിരക്കിനേക്കാൾ കൂടിയ തുക നൽകി**

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 10/19, എസ്.സി വിഭാഗത്തിന് ലാപ്ടോപ് |
| അടങ്കൽ | 3,00,000(വികസനഫണ്ട്) |
| ചെലവ് | 2,60,000(വികസനഫണ്ട്)<br>ബിൽ നമ്പർ 39/18-19,23.2.19<br>ബിൽ നമ്പർ 55/18-19,27.3.19 |

എസ്.സി വിഭാഗത്തിൽ പെട്ട 11 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 10 വിദ്യാർത്ഥികൾക്ക് തൻവർഷം ആനുകൂല്യം നൽകിയിട്ടുണ്ട്. ഒരു ബില്ല് ക്യു ലിസ്റ്റിൽ (26,000 രൂപ) ആകുകയും ചെയ്തു. കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത (ജി.എസ്.റ്റി ഉൾപ്പെടെ 25,690 രൂപ) ആവലോൺ സിസ്റ്റംസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു(ഇൻവോയ്സ് നമ്പർ എ.എസ്.കെ/സി1/0023/ലാപ്ടോപ്/18-19/15.11.18). എന്നാൽ 26,000 രൂപ നിരക്കിലാണ് ആവലോൺ സിസ്റ്റത്തിന് തുക നൽകിയത്.

നൽകിയ തുക-26000x10=260000

നൽകാവുന്ന തുക-25690x10=256900

അധികം നൽകിയത് =3100

2019-20 ൽ അധികം നൽകിയത് =310

ആകെ = 3410

അംഗീകരിച്ച ടെണ്ടർ നിരക്കിനേക്കാൾ കൂടുതലായി തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 8(3)) നൽകുകയുണ്ടായി. പ്രോജക്ട് നിർവ്വഹിക്കാൻ കാലതാമസം വന്നതിനാൽ ജി.എസ്.റ്റി നിരക്കിലെ വർദ്ധനവിനനുസരിച്ച് 310 രൂപ കൂടുതൽ നൽകേണ്ടിവന്നതാണെന്ന് മറുപടി ലഭിച്ചത്. എന്നാൽ തൻവർഷം നിർവ്വഹിച്ച പ്രോജക്ടിന് കരാർവ്യവസ്ഥയിലെ തുകയ്ക്ക് തന്നെ നൽകാൻ സ്ഥാപനത്തിന് ബാദ്ധ്യതയുണ്ടായിരുന്നു. മാത്രമല്ല ജനറൽകമ്മറ്റി ടി നടപടി അംഗീകരിച്ചിട്ടുമില്ല. അതിനാൽ അധികമായി നൽകിയതുക 3,410 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നോ ആവലോൺ സിസ്റ്റത്തിൽ നിന്നോ ഈടാക്കേണ്ടതാണ്. അധികമായി ചെലവഴിച്ച തുകയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.രാജശ്രീ റ്റി.ആർ. ബാധ്യതപ്പെട്ടിരിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-19 | 17.05.2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 07.06.2019ലെ കെ.എസ്.എ-കെ.ടി.എം.പി9-755/2019 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ഏറ്റുമാനൂർ | 31.03.2019 | 9,41,622 | വികലാംഗരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 6,13,360 | 3,28,262 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 31.03.2019 | 12,17,549 | | 7,95,732 | 7,21,817 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | ബിൽ നമ്പർ/ ചെക്ക് നമ്പർ, തീയതി |
|---|---|---|---|---|---|
| 354/19 | വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 5,15,000(തനതുഫണ്ട്) | 5,15,000(തനതുഫണ്ട്) | വാട്ടർ അതോറിറ്റി | ചെക്ക് നമ്പർ 2729150/ 28.2.19 |
| 75/19 | വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 20,00,000 ധനകാര്യകമ്മീഷൻ ഗ്രാന്റ് 5,00,000(തനതുഫണ്ട്) | 20,00,000 ധനകാര്യകമ്മീഷൻ ഗ്രാന്റ് 5,00,000(തനതുഫണ്ട്) | വാട്ടർ അതോറിറ്റി | ബിൽ നമ്പർ 3,5,9,10/ 18-19 13.7.18, 23.8.18, 16.11.18, 18.2.19 ചെക്ക് നമ്പർ |

| | | | | | |
|---|---|---|---|---|---|
| | | | | | 2729104/ 7.2.19 |
| 31/19 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2,00,000(തനതുഫണ്ട്) | 1,99,837(തനതുഫണ്ട്) | ഇലക്ട്രിസിറ്റി ബോർഡ് | ചെക്ക് നമ്പർ 2323496/ 19.1.19 |
| 339/19 | വാർഡ് 2ൽ മെയിൻ വലിക്കൽ | 1,50,000(തനതുഫണ്ട്) | 1,02,570(തനതുഫണ്ട്) | ഇലക്ട്രിസിറ്റി ബോർഡ് | ചെക്ക് നമ്പർ 007048/ 16.2.19 |
| 350/19 | വാർഡ് 4ൽ മെയിൻ വലിക്കൽ | 75,000(തനതുഫണ്ട്) | 73,953(തനതുഫണ്ട്) | ഇലക്ട്രിസിറ്റി ബോർഡ് | ചെക്ക് നമ്പർ 007049/ 27.2.19 |
| | | **ആകെ** | **28,76,360** | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ബാങ്ക്/ ലോൺ അക്കൗണ്ട് നം. | വായ്പ തുക | 01.04.2019-ൽ തിരിച്ചടയ്ക്കാനുള്ള തുക | 2018-19 തിരിച്ചടച്ച തുക(മുതൽ) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ.ഉ.(സാധാ) 359/17/ തസ്വഭവ തീയതി 08.02.17 | | | 41,31,331 | - | 41,31,331 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് / സർചാർജ്ജ് നടപടികളിൽ ഉൾപ്പെട്ട ഖണ്ഡികകൾ നിലവിൽ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :7,81,80,836 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :7,30,20,436 |
| വരവിനങ്ങളിലുള്ള നഷ്ടം | :ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :3,410 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :78,21,275 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-28(2) | | 3,410 | ശ്രീമതി രാജശ്രീ റ്റി.ആർ., അസിസ്റ്റന്റ് സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 3,73,198 | ശ്രീ.മനോജ് ചന്ദ്രൻ, സെക്രട്ടറി |
| 1-23 | 25,332 | ശ്രീ.മനോജ് ചന്ദ്രൻ, സെക്രട്ടറി |
| 1-25 | 4,92,000 | ശ്രീ.മനോജ് ചന്ദ്രൻ, സെക്രട്ടറി |
| 1-26 | 67,250 | ശ്രീ.മനോജ് ചന്ദ്രൻ, സെക്രട്ടറി |
| 1-27 | 1,19,996 | ശ്രീമതി സവിത എ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-28(1) | 5,00,000 | ശ്രീമതി രാജശ്രീ റ്റി.ആർ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-33 | 7,99,865 | ശ്രീ.മനോജ് ചന്ദ്രൻ, സെക്രട്ടറി |
| 1-37 | 50,000 | ശ്രീ.ജയകൃഷ്ണൻ, വി.ഇ.ഒ. |
| 1-38(2) | 48,274 | ശ്രീമതി റോസ്‌ലിൻ ജോസഫ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-39(2) | 24,69,000 | ശ്രീ.മനോജ് ചന്ദ്രൻ, സെക്രട്ടറി |
| 1-42 | 28,76,360 | ശ്രീ.മനോജ് ചന്ദ്രൻ, സെക്രട്ടറി |
| **ആകെ** | **78,21,275** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി രാജശ്രീ റ്റി.ആർ., അസിസ്റ്റന്റ് സെക്രട്ടറി | | വില്ല നം.27, ലീ അമിഗോ ഹോംസ്, തെള്ളകം, കോട്ടയം-686630 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31.03.2019 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(1)/18/29.01.2018 | 5 |
| 2000-01 | കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(2)/18/29.01.2018 | 17 |
| 2001-02 | കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(3)/18/29.01.2018 | 27 |
| 2002-03(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(4ബി)/18/29.01.2018 | 12 |
| 2002-03(വരവ്) | കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(4എ)/18/29.01.2018 | 2 |
| 2003-04 | കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(5)/18/27.01.2018 | 12 |
| 2004-05 | കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(6)/18/27.01.2018 | 11 |
| 2005-06 | കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(7)/18/27.01.2018 | 11 |
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(8)/18/27.01.2018 | 7 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(9)/18/27.01.2018 | 4 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി9/1736/17/07.03.2018 | 12 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി9/1737/17/07.03.2018 | 6 |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(10)/18/26.02.2018 | 11 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി9/412/18/21.03.2018 | 11 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി9/417/18/21.03.2018 | 9 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി10/1130/16/01.06.2017 | 16 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി9/1317/17/03.01.2018 | 10 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി9/1504/17/21.08.2018 | 15 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി9/189/19/15.02.19 | 19 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

<u>അനുബന്ധം -1</u>
<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**നം.കെ.എസ്.എ-കെ.ടി.എം.പി9/1767/2019**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**
**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**തീയതി:10.01.2020**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ

ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**